കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ./സി.8/227/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ ജില്ല,

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ: 0497 2707698

തീയതി. 10.08.2020

ഡെപ്യൂട്ടി ഡയറക്ടർ ,

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് -2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്(പരിശോധനാരീതിയും ഓഡിറ്റ്

സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20,23, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1),(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസ് മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എൻ.ആർ./സി.8/227/2020 തിയതി: 10.08.2020

# കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

## ആമുഖം

കണ്ണൂർ ജില്ലയിലെ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2019 മുതൽ 11.02.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 42 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകങ്ങളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ ശശികുമാർ എംപി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 12-02-2020 മുതൽ 27-02-2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | |

| | | |
|---|---|---|
| ശ്രീ.എം.ബാബുരാജ് | : | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.രമേശൻ കരോത്ത് | : | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സുമതി.ടി.ഒ | | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.കാട്ടൂർ മുഹമ്മദ്<br>ശ്രീ.സുരേഷ് ബാബു | 01-04-2018മുതൽ 17-01-2019 വരെ<br>18.01.2019 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.ടി.പി.മുസ്തഫ | 01-04-2018 മുതൽ 07.08.2018 വരെ |
| | ശ്രീമതി.ഷീജാമണി | 08.08.2018 മുതൽ 29.11.2018 വരെ |
| | ശ്രീ.എം.എ.മോഹനൻ | 30.11.2018 മുതൽ 05.12.2018 വരെ |
| | ശ്രീ.അനിൽ കുമാർ.പി | 06-12-2018 മുതൽ 31-03-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.പ്രമോദ്.എം.കെ. | 01-04-2018 മുതൽ<br>31-03-2019 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.രേഖ.വി. | 01-04-2018മുതൽ<br>31-03-2019വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ദിലീഷ്.കെ | 01-04-2018മുതൽ 10-07-2018വരെ |
| | ശ്രീമതി.ജിഷ.കെ | 11-07-2018 മുതൽ<br>31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ഡോ.സീനത്ത്<br>കുഞ്ഞമ്മദ്. | 01-04-2018മുതൽ<br>14-10-2018വരെ |
| മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | ഡോ.പ്രസീത.സി.ടി. | 15.10.2018 മുതൽ 05.03.2019<br>വരെ |
| | | |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.റോഷിത്ത.എം.പി | 06.03.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ചൈതന്യ.കെ.വി. | 01-04-2018മുതൽ 31-03-2019വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ദീപ.പി. | 01-04-2018മുതൽ 31-03-2019വരെ |
| ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.ആശാലത. പി.വി. | 01-04-2018മുതൽ 31-03-2019വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.ചന്ദ്രൻ.ടി.കെ. | 01-4-2018മുതൽ 31-03-2019വരെ |
| വി.ഇ.ഒ-I | ശ്രീമതി.ജിദിഷ.ജെ. | 01-04-2018മുതൽ 23-06-2018വരെ, 15.08.2018മുതൽ 31.03.2019 വരെ |
| | ശ്രീ.സന്തോഷ് മമ്മാലി | 24.06.2018 മുതൽ 14.08.2018 വരെ |
| വി.ഇ.ഒ-2 | ശ്രീ.സാരംഗ് | 10.04.2018 മുതൽ 16.06.2018 വരെ<br>17.07.2018 മുതൽ 14.10.2018 വരെ |
| | ശ്രീ.റഷീദ് | 15.10.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീ. എം.കെ. സജിത്ക‌ുമാർ | 01-04-2018മുതൽ 21-06-2018വരെ |
| | ശ്രീ.എം.കെ. മോഹനൻ | 22.06.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം 1 – ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| | | |

| | | |
|---|---|---|
| 2 | വാർഷിക കണക്ക് ലഭിച്ചതിന്റെ വിവരം | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം | 1-11 |
| 12 | രശീതി പരിശോധനയിൽ കണ്ട അപാകതകൾ | 1-12 |
| 13 | എഫ് .ടി.ഇ.ഒ എസ് ലൈസൻസ് അപാകതകൾ | 1-13 |
| 14 | വാടകയ്ക്ക് നൽകിയ ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല | 1-14 |
| 15 | ട്രൈഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തത് സംബന്ധിച്ച് | 1-15 |
| 16 | റോഡ് കട്ടിംഗ് ചാർജ് ഈടാക്കിയതിൽ കുറവ് | 1-16 |
| 17 | അങ്കണവാടി വർക്കർ , ഹെൽപ്പർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-17 |
| 18 | സാന്ത്വന പരിചരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ-4,45,841 രൂപ തടസ്സപ്പെടുത്തുന്നു | 1-18 |
| 19 | സാമൂഹ്യസുരക്ഷാ പെൻഷൻ ആനുകൂല്യം ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷവും അനുവദിച്ചത് -സംബന്ധിച്ച് | 1-19 |
| 20 | പാലിയേറ്റീവ് പരിചരണം കാര്യക്ഷമമല്ല | 1-20 |
| 21 | എയ്ഡഡ് സ്കൂളുകൾക്ക് ഭക്ഷണ പാത്രങ്ങൾ - നൽകൽ ചെലവ് തുക ₹1,39,550 തടസ്സപ്പെടുത്തുന്നു. | 1-21 |
| 22 | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ- മുഴുവൻ രേഖകളും ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക ₹42550 തടസ്സപ്പെടുത്തുന്നു. | 1-22 |
| 23 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 1-23 |
| 24 | വീട് വാസയോഗ്യമാക്കൽ (എസ്.ടി) പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ- അധികം നൽകിയ ₹79083 തടസ്സപ്പെടുത്തുന്നു | 1-24 |
| 25 | വീട് വാസയോഗ്യമാക്കൽ പ്രോജക്ട് (ജനറൽ) -നടത്തിപ്പിലെ അപാകങ്ങൾ | 1-25 |
| | | |

| | | |
|---|---|---|
| 26 | ലൈഫ് ഭവന പദ്ധതി - പൂർത്തിയാകാത്ത ഭവനങ്ങൾക്ക് മുഴുവൻ തുകയും കെട്ടിടനമ്പർ/ ഒക്യുപെൻസി നൽകി - ചെലവ്തുക ₹1,31,80,000 തടസ്സപ്പെടുത്തുന്നു. | 1-26 |
| 27 | പട്ടിക ജാതിവിദ്യാർത്ഥികൾക്ക് സൈക്കിൾ - മാർഗരേഖ നിർദ്ദേശമില്ലാത്ത പ്രോജക്ട് നടപ്പിലാക്കൽ -ചെലവ് തുക ₹59,500 തടസ്സപ്പെടുത്തുന്നു | 1-27 |
| 28 | അറുപത് വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ)- 60 വയസ്സ് തികയാത്തവർക്ക് നൽകിയ തുക തിരിച്ചടച്ചു | 1-28 |
| 29 | പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി - പൂർത്തീകരിച്ച വീടിന് നികുതി ഈടാക്കുന്നില്ല. | 1-29 |
| 30 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - ഇൻവോയ്സ് പ്രകാരമുള്ള മരുന്ന് സ്റ്റോക്കിലില്ല -ചെലവ് തുക ₹2,00,000 തടസ്സപ്പെടുത്തുന്നു. | 1-30 |
| 31 | മൃഗാശുപത്രിയിലേക്ക് ഇൻവെർട്ടർ വാങ്ങൽ - പരിശോധന സാക്ഷ്യപത്രം ലഭ്യമാക്കിട്ടില്ല - ചെലവ് തുക ₹25,900 തടസ്സപ്പെടുത്തുന്നു. | 1-31 |
| 32 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് എന്നിവ ലഭ്യമാക്കിയില്ല. | 1-32 |
| 33 | കന്നുകുട്ടി (പെൺ) വിതരണ പദ്ധതി - അധിക തുക നൽകി - അധികം നൽകിയ ₹6000 നിരാകരിക്കുന്നു. | 1-33 |
| 34 | പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല | 1-34 |
| 35 | ഇ ടെണ്ടർ ഫീ - പഞ്ചായത്തിന് ലഭിക്കുന്നില്ല. | 1-35 |
| 36 | നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല | 1-36 |
| 37 | വാഴകൃഷി വികസനം – പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക ₹ 3,20,000 തടസ്സപ്പെടുത്തുന്നു. | 1-37 |
| 38 | വയൽ കൃഷി വികസകനം -പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക ₹1,80,000 തടസ്സപ്പെടുത്തുന്നു. | 1-38 |
| 39 | .പച്ചക്കറി വികസനം (വനിത) -പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ-ചെലവ് തുക ₹4,00,000 തടസ്സപ്പെടുത്തുന്നു | 1-39 |
| 40 | കുടുംബശ്രീ യൂണിറ്റുകൾക്ക് ബ്രഷ് കട്ടർ നൽകൽ - പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ - ചെവല് തുക ₹4,40,000 തടസ്സപ്പെടുത്തുന്നു. | 1-40 |
| 41 | പാടശേഖര സമിതികൾക്ക് ടില്ലർ -പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ ചെലവ് തുക ₹1,86,165 തടസ്സപ്പെടുത്തുന്നു. | 1-41 |

| | | |
|---|---|---|
| 42 | നിർവഹണ ഉദ്യോഗസ്ഥർ ആവശ്യമായ രജിസ്റ്ററുകൾ / രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ | 1-42 |
| 43 | ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങൽ -നടപടിക്രമങ്ങളുടെ ലംഘനം | 1-43 |
| 44 | തെരുവുവിളക്കുകൾ,പൊതുടാപ്പുകൾ എന്നിവ സംബന്ധിച്ച് | 1-44 |
| | ഭാഗം 2- വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | |
| | ഭാഗം 3- ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | |
| | ഭാഗം 4-പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 45 | വാർഷിക ധനകാര്യ സാക്ഷ്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ | 4-1 |
| 46 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം | 4-2 |
| 47 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ | 4-4 |
| 49 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 50 | സ്ഥിര നിക്ഷേപം | 4-6 |
| 51 | ഓഡിറ്റ് റിക്കവറി | 4-7 |
| 52 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരങ്ങൾ | 4-8 |
| 53 | ചാർജ്/സർചാർജ് നടപടികൾ സംബന്ധിച്ച വിവരം | 4-9 |
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| 56 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 58 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 59 | ഇൻകം& എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 60 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


## ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ബജറ്റ് അംഗീകരിച്ചതിന്റെ വിവരം

| വർഷം | 2018/19 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
| തീരുമാനം നമ്പർ തിയതി | നം.50/31.03.2018 | |
| മുന്നിരിപ്പ് | 10486929 | 21007060 |
| വരവ് | 171238960 | 139554943 |
| ആകെ | 181725889 | 160562003 |
| ചെലവ് | 115420636 | 142122235 |
| നീക്കിയിരിപ്പ് | 66305253 | 18439768 |

## 1-2 വാർഷിക കണക്ക് ലഭിച്ചതിന്ററെ വിവരം

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 10.05.2019 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 19846567 |
| വരവ് | 63678935 |
| ആകെ | 835255052 |
| ചെലവ് | 57380516 |
| നീക്കിയിരിപ്പ് | 26144986 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് | വരവ് | ആകെ | ചെലവ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 16199082 | 13888511 | 13888511 | 13888511 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1239000 | 1088500 | 1088500 | 1088500 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 893000 | 769083 | 769083 | 769083 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 5631000 | 4151319 | 4151319 | 4151319 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3859000 | 1891475 | 1891475 | 1891475 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 7531000 | 7190816 | 7190816 | 7190816 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ഐ.സി.ഡി.എസ് | 920215 | 848413 | 1768628 | 214599 | 1554029 |
| ടി.എസ്.സി | 1225000 | 440000 | 1665000 | | 1665000 |
| നിർമൽ പുരസ്കാർ | 156850 | 0 | 156850 | 0 | 156850 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ശുചിത്വ മിഷൻ | 343535 | 180000 | 523535 | 180000 | 343535 |
| വിമുക്തി | 33750 | 25000 | 58570 | 16140 | 42430 |
| സാക്ഷരത | 63456 | 37223 | 100679 | - | 100679 |
| ദുരിതാശ്വാസനിധി | 129204 | 61801 | 191005 | 32500 | 158505 |
| ഗുണഭോക്തൃ വിഹിതം | 19582 | 174000 | 193582 | 174000 | 19582 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 102724 | 2099598 | 2202322 | 2136165 | 66157 |
| | ജില്ലാ പഞ്ചായത്ത് | 79575 | 1422905 | 1502480 | 1198041 | 304439 |
| ബി ഫണ്ട് | | 0 | 32553620 | 32553620 | 32553620 | 0 |
| തനത് ഫണ്ട് * | ബാങ്ക് അക്കൗണ്ട് | 10372374 | 14760070 | 25132444 | 11861607 | 13270837 |
| | ട്രഷറി അക്കൗണ്ട് | 9129359 | 11481173 | 20610532 | 9009946 | 11600586 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 148 | 62799153 | 121 | 43998524 | 9 | 27 | 81.20 |

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | | അടങ്കൽ തുക | ചെലവ് തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|---|---|---|
| | | | എണ്ണം | ശതമാനം | | | |
| 1 | കൃഷി ഓഫീസർ | 8 | 8 | 100 | 2136000 | 1950280 | 91.3 |
| 2 | വെറ്റിനറി സർജൻ | 8 | 8 | 100 | 3792555 | 2886973 | 76.12 |
| 3 | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 7 | 6 | 86 | 1290000 | 1046011 | 81.08 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | മെഡിക്കൽ ഓഫീസർ ( ആയുർവേദം) | 1 | 1 | 100 | 350000 | 350000 | 100 |
| 5 | മെഡിക്കൽ ഓഫീസർ ( ഹോമിയോ) | 1 | 1 | 100 | 150000 | 150000 | 100 |
| 6 | വി ഇ ഒ-I | 3 | 3 | 100 | 2350000 | 2138083 | 90.98 |
| 7 | വി ഇ ഒ-2 | 4 | 4 | 100 | 15755076 | 13341076 | 84.67 |
| 8 | ഐ സി ഡി എസ് സൂപ്പർ വൈസർ | 2 | 2 | 100 | 3006944 | 2999699 | 99.75 |
| 9 | സെക്രട്ടറി | 21 | 16 | 76 | 5861493 | 3241054 | 55.29 |
| 10 | ഹെഡ് മാസ്റ്റർ | 6 | 5 | 83 | 2156411 | 2136830 | 99.09 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ | 78 | 58 | 74 | 24452474 | 12557884 | 51.35 |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 9 | 90 | 1498200 | 1200634 | 80.13 |
| ആകെ | | 149 | 121 | 81.20 | 62799153 | 43998524 | 70.06 |

അംഗീകാരം ലഭിച്ച 154 പ്രോജക്ടുകളിൽ 121 (78.57%) എണ്ണം ആണ് നടപ്പാക്കിയിട്ടുള്ളത്. മരാമത്ത് മേഖലയിലെ പദ്ധതിച്ചെലവ് 51% മാത്രമാണ്. അംഗീകരിച്ച 78 പദ്ധതികളിൽ 58 എണ്ണം മാത്രമേ നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളൂ. സംരക്ഷണ ഗ്രാന്റ്(റോഡിതരം) ഇനത്തിൽ 49.01% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഗ്രാമസഭകൾ

2018-19 വർഷത്തെ കരട് പദ്ധതി രേഖ ചർച്ചക്കായി മാർച്ച് 2018 ലും ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായി ജൂൺ 2018 ലും ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. നവംബർ 2018 മാസം ചേർന്ന ഗ്രാമസഭകളിൽ 2019- 20 വർഷത്തെ വാർഷിക പദ്ധതി, തൊഴിലുറപ്പ് പദ്ധതി ആക്ഷൻ പ്ലാൻ എന്നിവ ചർച്ച ചെയ്തു. 2018-19 ലെ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും 2019-20 ലെ ലെ വാർഷിക പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞടുക്കുന്നതിനുമായി ജനവരിയിലും ഗ്രാമസഭകൾ ചേർന്നിട്ടുണ്ട്. ഗ്രാമസഭ രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പൊതുവേ തൃപ്തികരമായ പങ്കാളിത്തവും ഗ്രാമ സഭകളിൽ ഉണ്ടായിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പുകൾ

ആസൂത്രണ പ്രക്രിയയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്ക് സുപ്രധാനമാണ്. അതത് വിഷയ മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ആഴത്തിൽ പരിശോധിച്ച്, സ്ഥാപനത്തിന്റെ പ്രത്യേകതകൾക്ക് ഇണങ്ങുന്നതും ജനങ്ങൾക്ക് ആവശ്യമുള്ളതുമായ പദ്ധതികൾ രൂപീകരിക്കുകയും നിർദേശിക്കുകയും ചെയ്യുക, പദ്ധതികളുടെ നടത്തിപ്പിന്റെ മോണിറ്ററിങ്ങ് നടത്തുക എന്നിങ്ങനെയുള്ള സുപ്രധാനമായ ഉത്തരവാദിത്തങ്ങളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർവ്വഹിക്കാനുള്ളത്. എന്നാൽ ഈ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തിക്കാൻ ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾക്ക് സാധിച്ചതായി കാണുന്നില്ല. 2018-19 വർഷത്തിൽ 12/18 മാസത്തിൽ ചേർന്നതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ 4/1/2020 ന് മാത്രമാണ് പിന്നീട് യോഗം ചേർന്നു കാണുന്നത്. 2019 കലണ്ടർ വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പിന്റെ ഒരു യോഗം പോലും നടന്നതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളിലെ അംഗസംഖ്യ 15 വരെ ആകാമെങ്കിലും യോഗങ്ങളിലെ ഹാജർ നില മെച്ചമല്ല. ചർച്ചകളും തീരുമാനങ്ങളും നിർദ്ദേശങ്ങളും കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിലും വീഴ്ച നിലനിൽക്കുന്നു. പദ്ധതി പ്രവർത്തന പുരോഗതി സംബന്ധിച്ച ഇടക്കാല വിലയിരുത്തൽ നടത്തുക, പദ്ധതികളുടെ സുഗമമായ പൂർത്തീകരണവും ലക്ഷ്യപ്രാപ്തിയും ഉറപ്പുവരുത്തുന്ന വിധത്തിൽ കൃത്യമായ മോണിറ്ററിങ്ങ് നടത്തുക തുടങ്ങിയ ഉത്തരവാദിത്വം നിർവ്വഹിക്കാൻ പര്യാപ്തമായ തലത്തിലേക്ക് വർക്കിങ്ങ് ഗ്രൂപ്പുകളെ ഉയർത്തേണ്ടതുണ്ട്.

## 1-6 തൊഴിലുറപ്പു പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1026 | 301787 | 302813 | 294514 | 8299 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്(സാധനവില ഉൾപ്പെടെ) | 0 | 18430726 | 18430726 | 18430726 | 0 |
| ആകെ | 1026 | 18732513 | 18733539 | 18725240 | 8299 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1920 | 1 |
| കർഷകതൊഴിലാളി വേതനം | 1606000 | 191 |
| വിധവാപെൻഷൻ | 9416400 | 1117 |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 17194400 | 1974 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 3098000 | 353 |
| 50 വയസിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 986900 | 118 |

# 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 22-02-2020 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹ 40885രൂപയുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് 2019 ഏപ്രിൽ മാസം ഗ്രാമ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ട്. 10.5.2019ലെ ഭരണ സമിതി യോഗം 10-ാം നമ്പർ അജണ്ടയായി റിപ്പോർട്ട് ചർച്ച ചെയ്യുകയും മുപടി അയക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. കേരള പഞ്ചായത്ത് രാജ് (ഓഡിറ്റ് സംവിധാനവും പരിശോധനാ രീതിയും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്ത പ്രകാരം പ്രത്യേക ഭരണ സമിതി യോഗം വിളിച്ചുചേർത്ത് ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്തിട്ടില്ല. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റിയുടെ പരിഗണനക്ക് ഓഡിറ്റ് റിപ്പോർട്ട് വിധേയമാക്കുകയോ അതിന്റെ നിരീക്ഷണങ്ങൾ/നിർദ്ദേശങ്ങൾ ഭരണസമിതിക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ ബന്ധപ്പെട്ട ചട്ടങ്ങൾ അനുശാസിക്കുന്ന വിധം കൈക്കൊള്ളേണ്ടതാണ്.

1998-99 വർഷം മുതലുള്ള വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലായി 163 ഓഡിറ്റ് തടസ്സങ്ങൾ തീർപ്പാക്കാൻ ബാക്കി നിൽക്കുന്നുണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പ് എല്ലാ വർഷവും വിപുലമായ ഓഡിറ്റ് അദാലത്തുകൾ സംഘടിപ്പിച്ച് വരുന്നുണ്ട് . ആവശ്യമായ വിശദീകരണങ്ങൾ നൽകിയും രേഖകൾ ഹാജരാക്കിയും തടസ്സങ്ങൾ ഒഴിവാക്കാൻ ഗ്രാമ പഞ്ചായത്ത് ശ്രദ്ധിച്ച് കാണുന്നില്ല. ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്ന കാര്യത്തിലുള്ള ഈ ഉദാസീനത ഒഴിവാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ. അംഗീകാരം ലഭ്യമായിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായവും ഡിജിറ്റൽ ഡിസ്പ്ലേ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. രേഖകളും രജിസ്റ്ററുകളും മെച്ചപ്പെട്ട നിലയിൽ സൂക്ഷിച്ചുവരുന്നുണ്ട്. സ്റ്റോക്കുകളുടെ ഭൗതികപരിശോധന ത്രൈമാസികമായി നടത്തി രജിസ്റ്ററുകളിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് ഓഫീസിലെ ജോലികൾ സമഗ്രമായ ഓഫീസ് ഉത്തരവ് പ്രകാരം വിഭജനം നടത്തിയിട്ടുണ്ട്. ഓഫീസ് മീറ്റിങ്ങുകൾ എല്ലാ മാസവും ചേർന്ന് പ്രവർത്തനാവലോകനം നടത്തുന്നതിലും ചർച്ചകളും തീരുമാനങ്ങളും മിനുട്സ് ചെയ്യുന്നതിലും കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 1.08.2005 | 1997-98മുതൽ 2004-05 | 20.09.2005 |
| പെർഫോമൻസ് ഓഡിറ്റ് | 25.01.2020 | 1.12.2019 മുതൽ 31.12.2019 | 25.01.2020 |

## 1-11 വാർഷിക കണക്കുകൾ പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയതും നാളിതു വരെ പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നതുമായ അപാകതകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

1)വസ്തു നികുതി -തൻവർഷ കലക്ഷൻ, മുൻ വർഷ ഡിമാന്റ്, കുടിശ്ശിക, കലക്ഷൻ എന്നിവ വാർഷിക ധനകാര്യ പത്രിക പ്രകാരവും “സഞ്ചയ” പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.
2)അടിസ്ഥാന അനുപാതങ്ങൾ , പ്രധാന അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
3)ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4)തിരിച്ച് നൽകേണ്ടതില്ലാത്തതും കാലഹരണപ്പെട്ടതുമായ ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

## 1-12 രശീതി പരിശോധനയിൽ കണ്ട അപാകതകൾ

2018-19 വർഷത്തെ രശീതി പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു

1.

| രശീതി ബുക്ക് നം. | കൈകാര്യം ചെയ്ത ആളുടെ പേര് | അപാകത |
|---|---|---|
| 33053 | അനീഷ് കുമാർ.കെ.പി | ആകെ രശീതുകളുടെ എണ്ണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 4780 | ഫ്രണ്ട് ഓഫീസ് | ആകെ രശീതുകളുടെ എണ്ണം രേഖപ്പെടുത്തി |

| | | |
|---|---|---|
| | | സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 4781/63,64 | സച്ചിൻ.കെ.പി | ക്യാൻസൽ ചെയ്ത രശീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല |
| 33049/1 | സച്ചിൻ.കെ.പി | ക്യാൻസൽ ചെയ്ത രശീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല |

2.ക്യാൻസൽ ചെയ്ത സാംഖ്യ രശീതികളിലൊന്നിലും ക്യാൻസൽ ചെയ്യാനുണ്ടായ കാരണം രേഖപ്പെടുത്തിയിട്ടില്ല

2019-20 വർഷത്തെ രശീതി പരിശോധനയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു

1. രശീതി ബുക്ക് ഇഷ്യൂ ചെയ്യുന്ന സമയത്ത് രശീതി നം. 1 മുതൽ 100 വരെ ക്രമത്തിൽ പേജുകളുണ്ടെന്ന് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുള്ള 33075,33080 രശീതി ബുക്കുകളിലെ 47-മത് രശീതി ഇരട്ടിപ്പ് വന്ന് ഉപയോഗ സമയത്ത് ക്യാൻസൽ ചെയ്തിട്ടുണ്ട്.

2.ജോജോ ജോസഫ് എന്ന ക്ലർക്കിന് ഇഷ്യൂ ചെയ്ത 33082 രശീതി ബുക്ക് ഉപയോഗിച്ച് തീരുന്നതിന് മുൻപായി (രശീതി നം.67 വരെ മാത്രമേ ഉപയോഗിച്ചിട്ടുള്ളു) 33088 നമ്പർ ബുക്ക് ഇഷ്യൂ ചെയ്തിട്ടുണ്ട്.
രശീതികൾ കൈകാര്യം ചെയ്യുന്നതിൽ ആവശ്യമായ ജാഗ്രത പുലർത്തേണ്ടതാണ്.

# 1-13 എഫ് .ടി.ഇ.ഒ എസ് ലൈസൻസ് അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നത് ഭേദഗതി വരുത്തിക്കൊണ്ട് 31-10-2017 ലെ ജി.ഒ.(പി) 80/2017 തസ്വഭവ വിജ്ഞാപനം പ്രകാരം നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങൾ എന്നാണറിയപ്പെടുന്നത്. പ്രസ്തുത ചട്ട പ്രകാരം ലൈസൻസിനായി അപേക്ഷകൾ സമർപ്പിക്കേണ്ടത് താഴെ പറയും പ്രകാരമായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

1.ഫോറം നം. 1 ൽ അനുബന്ധരേഖകൾ സഹിതം അപേക്ഷ സമർപ്പിക്കണം (ചട്ടം 5എ)

2.അപേക്ഷയിൽ ഫാക്ടറിയിലോ വർക്ക്ഷോപ്പിലോ ജോലി സ്ഥലത്തോ ഭൂമിയിലോ നിയോഗിക്കുന്ന ജോലിക്കാരുടെ എണ്ണവും അതോടൊപ്പം ജോലി സ്ഥലത്തിന്റെയോ ഭൂമിയുടെയോ പ്ലാൻ, യന്ത്രസാമഗ്രി, അതിന്റെ ശക്തി എന്നിവ സംബന്ധിച്ച വിവരങ്ങളും ഉണ്ടായിരിക്കേണ്ടതാണ് (ചട്ടം 12(2)

എന്നാൽ 2018-19 വർഷത്തെ ലൈസൻസ് പുതുക്കേണ്ട ആവശ്യത്തിലേക്ക് കച്ചവടക്കാർ/ വ്യാപാരികൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ മേൽ കൊടുത്ത പ്രകാരമല്ല.

31-10-2017 ലെ ഭേദഗതി ഉത്തരവ് പ്രകാരം സ്ഥാപനങ്ങൾക്ക് പൊതുവായി ബാധകമാവുന്ന ലൈസൻസ് ഫീ മൂലധന നിക്ഷേപത്തിന്റെ സ്വഭാവത്തിന്റെ (ഉല്പാദനം/സേവനം) അടിസ്ഥാനത്തിലാണ് ഈടാക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷയിൽ മൂലധന നിക്ഷേപം എത്രയെന്ന് വ്യക്യമാക്കിയിട്ടില്ല. എന്നാൽ 2018-19 വർഷം കുറഞ്ഞത് 500 രൂപ നിരക്കിൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടുണ്ട്. അപേക്ഷയിൽ മൂലധന നിക്ഷേപം വ്യക്തമാക്കാത്ത സാഹചര്യത്തിൽ തുക ഈടാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ച് മറുപടി/രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/18-19/25-02-2020) മറുപടിയായി ഫീൽഡ് ക്ലർക്കുമാർ അന്വേഷണം നടത്തുമ്പോൾ മൂലധന നിക്ഷേപം കണക്കാക്കിയാണ് ഫീ ഈടാക്കാറുള്ളത് എന്നറിയിച്ചിട്ടുണ്ട്. അപേക്ഷ സ്വീകരിക്കുമ്പോൾ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും അപേക്ഷയിന്മേൽ അന്വേഷണ ഉദ്യോഗസ്ഥന്റെയും സെക്രട്ടറിയുടെയും അഭിപ്രായം രേഖപ്പെടുത്തേണ്ടതുമാണ്.

## 1-14 വാടകയ്ക്ക് നൽകിയ ഷോപ്പിംഗ് കോംപ്ലക്സ് മുറികളിൽ നിന്നും ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല

ഓഡിറ്റിന് ഹാജരാക്കിയ വാടക രജിസ്റ്റർ പ്രകാരം പഞ്ചായത്തിന്റെ അധീനതയിലുള്ള 11 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ 6 മുറിയുടമകളിൽ നിന്ന് 2018-19 വർഷം ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല. ലൈസൻസ് എടുക്കാത്ത കടയുടമകളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഉടമസ്ഥന്റെ പേര് | വാർഡ് നം./ കെട്ടിട നം. |
|---|---|---|
| 1 | ഷമീർ.എം.കെ | XI/2 |
| 2 | നബില കുന്നത്ത് | XI/3 |
| 3 | രമേശ്.പി.പി | XI/4 |
| 4 | യൂനുസ്.പി.ടി | XI/9 |
| 5 | റാബിയ | XI/10 |
| 6 | ജയേഷ്.എ.കെ | XI/11 |

മേൽ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് സംബന്ധിച്ച് മറുപടി/രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം .35/18-19 തീ.25.02.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ലാത്തത് സംബന്ധിച്ച്

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചപ്പോൾ വ്യത്യസ്ത വിഭാഗങ്ങളിലായി താഴെ പറയും പ്രകാരം കെട്ടിടങ്ങളുടെ വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ഡി & ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 319 സ്ഥാപനങ്ങൾ മാത്രമാണ് വ്യാപാരം നടത്തുന്നതിനുള്ള ലൈസൻസെടുത്തിട്ടുള്ളത്.

| ക്രമ നം. | സഞ്ചയയിൽ രേഖപ്പെടുത്തിയ കെട്ടിടത്തിന്റെ തരം | എണ്ണം |
|---|---|---|
| 1. | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർവരെ തറവിസ്തീർണമുള്ള ഹോട്ടൽ,റസ്റ്റോറന്റുകൾ,ഷോപ്പുകൾ,ഗോഡൌൺ | 1988 |
| 2. | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 100 |
| 3. | വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർവരെ തറവിസ്തീർണമുള്ള സൂപ്പർ മാർക്കറ്റ് ,ഷോപ്പിംഗ് മാളുകൾ | 23 |
| 4. | വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്ററിന് മുകളിൽ തറവിസ്തീർണമുള്ള സൂപ്പർ മാർക്കറ്റ് ,ഷോപ്പിംഗ് മാളുകൾ | 164 |
| 5. | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ ,കമ്പ്യൂട്ടർ സെന്റർ | 3 |
| | ആകെ കെട്ടിടങ്ങൾ | 2278 |

വാണിജ്യവശ്യത്തിനായി പെർമിറ്റ് എടുത്ത 2278 കെട്ടിടങ്ങൾ പഞ്ചായത്ത് പരിധിയിൽ ഉണ്ടായിരിക്കേ, 319 സ്ഥാപനങ്ങൾ മാത്രമേ വ്യാപാരത്തിനുള്ള ലൈസൻസ് എടുത്തുകാണുന്നുള്ളൂ. മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുകയോ ഫീ ഒടുക്കുകയോ ചെയ്യാത്തത് സംബന്ധിച്ച് താങ്കളുടെ മറുപടി / രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/18-19 തീ.25.02.2020) ലഭ്യമാക്കിയ മറുപടിയിൽ 2019-20 വർഷം മുതൽ ട്രൈഡേഴ്സ് ലിസ്റ്റ് കുറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ സ്ഥാപനങ്ങൾ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് ഫീൽഡ് തല

പരിശോധന നടത്തി കണ്ടെത്തേണ്ടതും ഉണ്ടെങ്കിൽ അത്തരം സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ , തൊഴിൽ നികുതി എന്നിവ ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

# 1-16 റോഡ് കട്ടിംഗ് ചാർജ് ഈടാക്കിയതിൽ കുറവ്

പുതുക്കിയ നിരക്കിലുള്ള റോഡ് കട്ടിങ് റീസ്റ്റോറേഷൻ ചാർജ് സർക്കുലർ , No. CE/R&B/GL-RC/1/2018 തീയതി 22-05-2018 പ്രകാരം റോഡ് കട്ടിങ്ങിനുള്ള റീസ്റ്റോറേഷൻ ചാർജ് ഈടാക്കുമ്പോൾ ബ്ലാക്ക് ടോപ്പ് സർഫസിന്റെ കാര്യത്തിൽ ഏറ്റവും കുറഞ്ഞ റീസ്റ്റോറേഷൻ വിഡ്ത് 1 മീറ്ററായി കണക്കാക്കി റിസ്റ്റൊറേഷൻ ചാർജ് നിർണയിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അത് പ്രകാരം റീസ്റ്റോറേഷൻ ചാർജ് കണക്കാക്കി ഈടാക്കേണ്ടതിനു പകരം 1 ചതുരശ്ര മീറ്ററിന് 4680.65 രൂപ നിരക്കിൽ, വ്യത്യസ്ത അളവിൽ വിഡ്ത് കണക്കാക്കി അത് പ്രകാരമുള്ള തുകയാണ് 2018-19 സാമ്പത്തിക വർഷത്തിൽ റോഡ് കട്ടിങ്ങിനായി അപേക്ഷ സമർപ്പിച്ചവരിൽ നിന്നും റീസ്റ്റോറേഷൻ ചാർജിനത്തിൽ ഈടാക്കിയിരിക്കുന്നത്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം. | പേര് | കണക്കാക്കിയിട്ടുള്ള റീസ്റ്റോറേഷൻ വീതി (c.m ൽ) | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|
| 1 | കെ.കെ ചന്ദ്രൻ | .75 | 3510.48 | 1170.17 |
| 2 | വി.പി,ശങ്കരൻ | .75 | 3510.48 | 1170.17 |
| 3 | ഇബ്രാഹിം.എ | .75 | 3510.48 | 1170.17 |
| 4 | കേളപ്പൻ.പി | .18 | 843.00 | 3837.65 |
| 5 | സി.കുഞ്ഞിക്കണ്ണൻ | .45 | 2107.00 | 2573.65 |
| 6 | യൂസഫ്.കെ.പി | .45 | 2107.00 | 2573.65 |
| 7 | രജിത.കെ | .45 | 2107.00 | 2573.65 |
| 8 | സമീറ.വി | .37 | 1755.00 | 2925.65 |
| 9 | ബാലൻ | .45 | 2106.00 | 2574.65 |
| 10 | ചാലിൽ മൊയ്തു | .39 | 1474.00 | 3206.65 |
| 11 | കെ.സി.കുമാരൻ | .55 | 2574.00 | 2106.65 |
| 12 | സൌദാമിനി വലിയപറമ്പത്ത് | .37 | 1755.00 | 2925.65 |
| 13 | ഇസ്ഹാക്ക് അലി | .45 | 2106.00 | 2574.65 |

| | | | | |
|---|---|---|---|---|
| 14 | അബ്ദുള്ള | .45 | 2106.0 | 2574.65 |
| 15 | ഗംഗാധരൻ.കെ | .72 | 3370.00 | 1310.65 |
| 16 | റുമെല്ല.പി.പി | .75 | 3510.48 | 1170.17 |
| 17 | സൽമ.പി.പി | .75 | 3510.48 | 1170.17 |
| 18 | ഉസ്മാൻ.ടി | .75 | 3510.48 | 1170.17 |
| 19 | കെ.എം.അബ്ദുൾ ഹമീദ് | .75 | 3510.48 | 1170.17 |
| 20 | സജീവൻ.കെ | .72 | 3370.00 | 1310.65 |
| | | ആകെ കുറവ് | | 41295.64 |

സർക്കുലറിലെ നിരക്കിൽ നിന്ന് വ്യത്യസ്തമായി കുറഞ്ഞ നിരക്കിൽ റീസ്റ്റോറേഷൻ ചാർജ് ഈടാക്കിയതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.40/18-19/25-02-2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം പരിശോധിച്ച് കുറവു വന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

# 1-17 അങ്കണവാടി വർക്കർ , ഹെൽപ്പർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്തീ രാജ് നിയമം വകുപ്പ് 204(1)(ii)എ (i) പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലെ 29 അങ്കണവാടികളിലെ വർക്കർ, ഹെൽപ്പർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിന് കാരണം ആവശ്യപ്പെട്ട് കൊണ്ട് നൽകിയ എൻക്വയറിക്ക് (നം. 18/2018-19/18-02-2020) ലഭ്യമാക്കിയ മറുപടിയിൽ ഹോണറേറിയം ജീവനക്കാർ ആയതിനാലാണ് തൊഴിൽ നികുതി ഈടാക്കാത്തതെന്നും ഇത് സംബന്ധിച്ച് കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നുമാണ് അറിയിച്ചത്. തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-18 സാന്ത്വന പരിചരണം - പദ്ധതി നടത്തിപ്പിലെ അപാകതകൾ-4,45,841 രൂപ തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ,പി.എച്ച്.സി

അടങ്കൽ : 4,75,000 (വികസന ഫണ്ട്,ജനറൽ)

ചെലവ് : 4,45,841

മേൽ പ്രോജക്ടിന് 2018-19 വർഷത്തെ ചെലവിന്റെ വിവരം താഴെ പറയും പ്രകാരമാണ്.

| ക്രമ നം. | ചെലവിന്റെ തരം | ചെലവഴിച്ച തുക |
|---|---|---|
| 1 | ട്രാൻസ് പോർട്ടേഷൻ | 1,72,800 |
| 2 | ഹോണറേറിയം | 2,24,842 |
| 3 | റിഫ്രഷ്മെന്റ് ചാർജ് | 24,000 |
| 4 | മരുന്ന് | 19,200 |
| 5 | പ്രിന്റിംഗ്/ സ്റ്റേഷനറി | 4,999 |
| | ആകെ | 4,45,841 |

പ്രസ്തുത പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.പാലിയേറ്റീവ് നഴ്സുമാരും ഹോം കെയർ വളണ്ടിയർമാരും ഏതൊക്കെ ദിവസങ്ങളിൽ ഗൃഹ സന്ദർശനം നടത്തിയെന്നത് പരിശോധിക്കുന്നതിന് ഓഡിറ്റ് കാലയളവിലെ ഹോം കെയർ റിപ്പോർട്ട് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

2. സാന്ത്വന പരിചരണ പദ്ധതിക്കായി ട്രാൻസ്പോർട്ടേഷൻ ചാർജിനത്തിൽ ദിവസം 900 രൂപ നിരക്കിൽ 1,72,800 രൂപ (192 ദിവസം) 04/2018 മുതൽ ചെലവഴിച്ചിട്ടുണ്ട് . എന്നാൽ റിഫ്രഷ്മെന്റ് ചാർജിനത്തിൽ 01/10/2018 മുതൽ മാത്രമേ തുക ചെലവഴിച്ചിട്ടുള്ളൂ. ഈയിനത്തിൽ ഓഡിറ്റ് വർഷം 24000 രൂപയാണ് ചെലവുള്ളത് (96 ദിവസം).

മേൽ അപാകത അറിയിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം 17./18-19 തീ.17.02.2020) 01/04/2018 മുതൽ 09/2018 വരെയുള്ള ഹോട്ടൽ ബിൽ കിട്ടാത്തതിനാലാണ് ഈയിനത്തിൽ ചെലവില്ലാത്തതെന്ന മറുപടിയാണ് ലഭിച്ചത്. പാലിയേറ്റീവ് നഴ്സും ഹോം കെയർ വളണ്ടിയർമാരും പ്രസ്തുത കാലയളവുകളിൽ സന്ദർശിച്ച സ്ഥലവും വീടുകളും രേഖപ്പെടുത്തിയ ഹോം കെയർ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവിന്റെ സാധുത പരിശോധിക്കാനായിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവുതുകയായ 4,45,841 രൂപ തടസ്സപ്പെടുത്തുന്നു.

# 1-19 സാമൂഹ്യസുരക്ഷാ പെൻഷൻ ആനുകൂല്ല്യം ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷവും അനുവദിച്ചത് -സംബന്ധിച്ച്

ഗ്രാമ പഞ്ചായത്തിലെ മരണ രജിസ്റ്ററും സേവന (സാമൂഹ്യസുരക്ഷപെൻഷൻ) സോഫ്റ്റ് വെയറുമായി ഒത്തു നോക്കിയപ്പോൾ പെൻഷൻ ഗുണഭോക്താവ് മരിച്ചതിന് ശേഷവും പെൻഷൻ ആനുകൂല്യം അനുവദിച്ച കേസുകൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പേര് | പെൻഷണർ ഐ.ഡി | മരണ തീയ്യതി | മരണപ്പെട്ടതിന് ശേഷം പെൻഷൻ അനുവദിച്ച കാലയളവ് |
|---|---|---|---|---|
| 1 | അച്ചുതൻ പി.കെ | 111570201354 | 31-03-2018 | 04/2018 മുതൽ 07/2019 വരെ |
| 2 | ബാലൻ.ഇ | 111570201941 | 15-06-2018 | 07/2018 മുതൽ 07/2019 വരെ |
| 3 | ഇബ്രാഹിം.സി | 111570201717 | 06-07-2018 | 08/2018 മുതൽ 04/2019 വരെ |
| 4 | പൊക്കൻ | 111570201123 | 02-08-2018 | 09/2018 മുതൽ 09/2019വരെ |

ഗുണഭോക്താവ് മരിച്ചതിന് ശേഷം പെൻഷൻ ആനുകൂല്യം റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം ഓഡിറ്റിനെ അറിയിക്കുവാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 47/18-19/26-02-2020) ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞ 4 പേരുടെയും പെൻഷൻ നിലവിൽ ക്യാൻസൽ ചെയ്തിട്ടുണ്ടെന്നും ബാങ്കുമായി ബന്ധപ്പെട്ട് അനധികൃതമായി കൈപ്പറ്റിയ തുക നോമിനിയിൽ നിന്നും തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. നടപടിയുടെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരണശേഷം ആനുകൂല്യം കൈപ്പറ്റുന്ന മറ്റ് ഗുണഭോക്താക്കളുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ അത്തരക്കാരുടെ പെൻഷൻ ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-20 പാലിയേറ്റീവ് പരിചരണം കാര്യക്ഷമമല്ല

ജി.ഒ (ആർ.ടി) 3217/2015/ത.സ്വ.ഭ.വ 29-10-2015ലെ പാലിയേറ്റീവ് പരിചരണ മാർഗരേഖ പ്രകാരമുള്ള താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

1. ഓഡിറ്റ് കാലയളവിൽ 4 തവണ മാത്രമേ പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളൂ. രണ്ട് മാസത്തിലൊരിക്കലോ നിശ്ചിത ഇടവേളകളിലോ യോഗം ചേരണമെന്ന നിർദ്ദശം പാലിച്ചിട്ടില്ല. (ഖ.2.3.2) യോഗത്തിൽ വരവ് - ചെലവ് കണക്കുകൾ അവതരിപ്പിക്കുന്നില്ല.

2. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും നടപ്പാക്കുന്നതിന് (ഖ.2.4.1) പ്രകാരമുള്ള പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി ( PIC) രൂപീകരിച്ചിട്ടില്ല.

3.നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിരിക്കുന്ന രോഗികളുടെ പേര് വിവരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ല.(ഖ.2.5.6)

4. തുടർ പരിചരണം ആവശ്യമായ രോഗികളുടെ വിവരങ്ങളടങ്ങിയ പേഷ്യന്റ് സ്റ്റാറ്റസ് റിപ്പോർട്ട് (ഖ-2.5.7) സൂക്ഷിച്ചിട്ടില്ല

പാലിയേറ്റീവ് പരിചരണ മാർഗരേഖയിൽ നിഷ്കർഷിക്കുന്ന പ്രകാരം രോഗികൾക്കാവശ്യമായ തുടർ പരിചരണം നൽകുന്ന കാര്യത്തിൽ കൂടുതൽ ശ്രദ്ധയുണ്ടാകേണ്ടതാണ്.

# 1-21 എയ്ഡഡ് സ്കൂളുകൾക്ക് ഭക്ഷണ പാത്രങ്ങൾ - നൽകൽ ചെലവ് തുക ₹1,39,550 തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ :ഹെഡ്മാസ്റ്റർ

| | |
|---|---|
| പ്രോജക്ട് | :173/18-19 സ്കൂളുകൾക്ക് ഭക്ഷണ പാത്രങ്ങൾ |
| അടങ്കൽ | : ₹1,4,0,680 -വികസന ഫണ്ട് |
| | :₹ 320 -തനത് ഫണ്ട് |
| ആകെ | :₹141000 |
| ചെലവ് | : ₹ 1,39,550 ബിൽ നം .05/18-19 തീയതി 27-03-2019 |

പ്രോജക്ട് പ്രകാരം സ്കൂളുകൾക്ക് ഉച്ചക്കഞ്ഞി വിതരണ ആവശ്യത്തിമായി കുക്കർ,സ്റ്റീൽ ബക്കറ്റ് , കുട്ടവ, സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്സ്, എന്നിവ നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. പഞ്ചായത്തിലെ 18 സ്കൂളുകൾക്കാണ് പാത്രങ്ങൾ വിതരണം ചെയ്തിട്ടുള്ളത് . ഇതിൽ ഒരു ഗവ: സ്കൂളും ബാക്കിയുള്ളവ എയ്ഡഡ് സ്കൂളുകളുമാണ്. എയ്ഡഡ് സ്കൂളുകൾക്ക് പാത്രങ്ങൾ നൽകുന്നതിനുള്ള സർക്കാർ അനുമതിയില്ലാത്തതിനാൽ ചെലവ് തുക ₹ 1,39,550 തടസ്സപ്പെടുത്തുന്നു.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/2018-19 തീയതി17-02-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ആവശ്യമായ രേഖകൾ/ഉത്തരവുകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-22 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ- മുഴുവൻ രേഖകളും ലഭ്യമാക്കിയിട്ടില്ല- ചെലവ് തുക ₹42550 തടസ്സപ്പെടുത്തുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ :ഹെഡ്മാസ്റ്റർ

| | |
|---|---|
| പ്രോജക്ട് | : 22/18-19 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ |
| അടങ്കൽ | : ₹30000 -വികസന ഫണ്ട് |

: ₹75000 -തനത് ഫണ്ട്

ആകെ : ₹105000

ചെലവ് : ₹30000 ബിൽ നം .03/18-19 തീയതി 26-12-2018

: ₹75050 ;ചെക്ക് നം .

പ്രോജക്ട് പ്രകാരം പത്താം തരം തുല്യത, പ്ലസ് ടു തുല്യത പരീക്ഷ എഴുതുന്നവർക്കുള്ള കോഴ്സ് ഫീ, രജിസ്ട്രേഷൻ ഫീ, അഡ്മിഷന് ഫീ എന്നിവയ്ക്കായാണ് തുക അനുവദിച്ചിരിക്കുന്നത്. ഇതുപ്രകാരം കേരളസംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ പ്ലസ് ടു തുല്യതക്ക് 25 പേർക്ക് ₹62500 ഉം കേരളസംസ്ഥാന സാക്ഷരതാ മിഷന് ₹42550 ഒടുക്കിയിട്ടുണ്ട്. എന്നാൽ കേരളസംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിൽ തുക ഒടുക്കിയതിന്റെ വിശദ വിവരം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. കേരളസംസ്ഥാന സാക്ഷരതാ മിഷനിൽ പത്താം തരം തുല്യതയ്ക്കു വേണ്ടി ഒടുക്കിയ ₹42550 ടെ ഏതെല്ലാം ഇനത്തിനുള്ളതാണെന്ന വിശദ വിവരങ്ങളും കൈപ്പറ്റും ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 13/2018-19 തീയതി17-02-2020 നുള്ള മറുപടിയിൽ കൈപ്പറ്റ് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആവശ്യമായ രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹42550 തടസ്സപ്പെടുത്തുന്നു.

# 1-23 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

നിർവഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ

പ്രോജക്ട് : 06/18-19 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

അടങ്കൽ : ₹3,25,000 -വികസന ഫണ്ട്

: ₹1,62,500 -ബ്ലോക്ക് പഞ്ചായത്ത് വിഹിതം

: ₹1,62,500 - ജില്ലാ പഞ്ചായത്ത് വിഹിതം

ആകെ : ₹6,50,000

ചെലവ് : ₹2,87,400 -- ബിൽ നം .02/18-19 തീയതി 26-12-2018

: ₹1,43,700 -- ചെക്ക് നം 6134147 dtd 24-12-2018

: ₹1,43,700 -- ചെക്ക് നം 6134147 dtd 24-12-2018

: ₹37600 -- ബിൽ നം. 06/18-19 dtd 27-03-2019

:₹18,000 -- ചെക്ക് നം

:₹18,000 -- ചെക്ക് നം

ആകെ :₹6,50,000

ഗ്രാമസഭ അംഗീകരിച്ച 63 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് തയ്യാറാക്കിയ പ്രസ്തുത പ്രോജക്ട് പ്രകാരം വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികൾക്ക് അർഹമായ മുഴുവൻ സഹായങ്ങളും നൽകിയിട്ടില്ല. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അനുവദിക്കാവുന്ന വാർഷിക ബത്ത, മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് വാർഷികമായി അനുവദിക്കാവുന്ന വസ്തുങ്ങൾക്കുള്ള ബത്ത, പഠനസഹായികൾക്കുള്ള ബത്ത, പ്രതിമാസം അനുവദിക്കാവുന്ന യാത്രാബത്ത, ഉല്ലാസയാത്രാ ചെലവുകൾ എന്നിവ അനുവദിച്ചിട്ടില്ല. ഭൂരിഭാഗം കുട്ടികൾക്കും 12 മാസത്തെ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന കുട്ടികൾക്ക് അർഹമായ സ്കോളർഷിപ്പ് അനുവദിച്ചതായി കാണുന്നില്ല.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് / പഠിക്കുന്ന ക്ലാസ്സ് | വിഭാഗം | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക |
|---|---|---|---|---|
| 1 | മുഹമ്മദ്.കെ , X | M.R | 10700 | 1000 x 12 = 12000 |
| 2 | വിഷ്ണു .എ.സി, IV | Spastic Quadriparasis | 10700<br>ഏത് നിരക്കിലാണ് അനുവദിച്ചത് എന്ന് വ്യക്തമല്ല | |
| 3 | ഇജാസ് അഹമ്മദ് .സി.ടി, ഡിപ്ലോമ | Hearing loss | 10700 | 1000 x 12 = 12000 |
| 4 | കൃഷ്ണപ്രിയ ,IV | Hearing loss | 4400 | 400 x12 = 4800 |
| 5 | സിനാൻ അബ്ദുള്ള, IX | M.R | 10700 | 1000 x 12 = 12000 |
| 6 | അഫീദ.കെ.സി | Cerebral palsy | 6000 | 1000 x 12 = 12000 |
| 7 | അലൻ ജിമ്മി | Mild Cerebral palsy | 6000 | 1000 x 12 = 12000 |
| 8 | സൽമ മുഹമ്മദ്, B.A | Spastic Hemiparesis | 6000 | 1000 x 12 = 12000 |

കൂടാതെ മുഫീദ്, സി എന്ന വിദ്യാർഥിയുടെ മെഡിക്കൽ ബോർഡ് നൽകിയ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 14/2018-19 തീയതി 17-02-2020-നുള്ള മറുപടിയിൽ ഫണ്ടിന്റെ അപര്യാപ്തത കാരണമാണ് തുക നൽകാതിരുന്നത് എന്നാണ് അറിയിച്ചത്. വിഷയം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-24 വീട് വാസയോഗ്യമാക്കൽ (എസ്.ടി) പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ- അധികം നൽകിയ ₹79083 തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (പൊയിലൂർ)

| | |
|---|---|
| പ്രോജക്ട് | : 22/18-19- വീട് വാസയോഗ്യമാക്കൽ (എസ്.ടി) |
| അടങ്കൽ | : ₹26,300 - വികസന ഫണ്ട്- പൊതുവിഭാഗം |
| | : ₹6,68,000 -വികസന ഫണ്ട് - ടി.എസ്.പി |
| | : ₹55,700 - തനത് ഫണ്ട് |
| ആകെ | : ₹7,50,000 |
| ചെലവ് | : ₹3,00,000 – ബിൽ നം. 02/18-19 dtd 17-01-2019 |
| | : ₹3,44,083 – ബിൽ നം .04/18-19 dtd 16-03-2019 |
| ആകെ | : ₹6,44,083 |

സ.ഉ(കൈ) നം .22/2018/തസ്വഭവ. തീയതി 14-02-2018 ലെ സബ്സിഡി-ധനസഹായം-അനുബന്ധവിഷയങ്ങൾ സംബന്ധിച്ച മാർഗരേഖ ഖണ്ഡിക 6.7.6 പ്രകാരം വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കുന്നതിന് മാത്രമാണ് തുക അനുവദിക്കാവുന്നത്. വീടിനെ വാസയോഗ്യമാക്കാനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണം, എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കും സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത് . അവസാന ഗഡു തുക നൽകുന്നതിന് മുമ്പ് പണി പൂർത്തീകരിച്ച് എൽ.എസ്.ജി.ഡി. എഞ്ചിനീയർ പരിശോധിച്ച് മൂല്യനിർണ്ണയം നടത്തുന്നതിന് അനുസരിച്ചായിരിക്കും സബ്സിഡി നിർണ്ണയിക്കുക. എന്നാൽ എഞ്ചിനീയർ, ഉടമസ്ഥൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ വിശദമായ മൂല്യനിർണ്ണയം നൽകുകയോ ചെയ്യുന്നില്ല. ആയതിനാൽ ഗുണഭോക്താവ് എന്തൊക്കെ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമല്ല. കൂടാതെ ഗുണഭോക്താക്കൾ വീടിന്റെ മേൽക്കൂര മാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചതിനും മൂല്യനിർണ്ണയം നടത്തി സാക്ഷ്യപത്രം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചിട്ടുമുണ്ട്. എന്നാൽ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.7.1 പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ പട്ടിക വർഗ്ഗ വിഭാഗത്തിന് പരമാവധി നൽകാവുന്ന തുക ₹ 1,00,000 മാത്രമാണ്. എന്നാൽ താഴെ പറയുന്നവർക്ക് കൂടുതൽ തുക അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | റഫ് എസ്റ്റിമേറ്റ് തുക | മൂല്യനിർണ്ണയ തുക (മേൽക്കൂര) | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക |
|---|---|---|---|---|---|
| 1 | ശ്രീമതി.ഉഷ. സി.പി | 165000 | 129083 | 129083 | 100000 |
| 2 | ശ്രീമതി.ജാനു.വി w/o ചന്ദ്രൻ | 178000 | 157884 | 150000 | 100000 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 9/2018-19 തീയതി 17-02-2020-നുള്ള മറുപടിയിൽ ശ്രീമതി. ഉഷ. സി.പി അധികമായി ചെയ്ത ഫ്ലോറിംഗ് പ്രവൃത്തിയുടെ റഫ് എസ്ററിമേറ്റും മൂല്യനിർണ്ണയ പത്രവും , ശ്രീമതി. ജാനു. വി അധികമായി ചെയ്ത മരപ്പണിയുടെയും ഫ്ലോറിംഗ് പ്രവൃത്തിയുടെയും റഫ് എസ്ററിമേറ്റും മൂല്യനിർണ്ണയ പത്രവും ലഭ്യമാക്കുകയാണ് ചെയ്തിരിക്കുന്നത്. കൂടാതെ ഗുണഭോക്താക്കൾ നൽകുന്ന റഫ് എസ്റ്റിമേറ്റ് എൽ.എസ്.ജി.ഡി എഞ്ചിനീയർ അംഗീകരിച്ച് തരുന്നില്ല എന്നും രണ്ടായിരത്തോളം രൂപ മുടക്കി ലൈസൻസ്ഡ് എഞ്ചിനീയർമാർ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് മാത്രമേ അംഗീകരിക്കാൻ എൽ.എസ്.ജി.ഡി എഞ്ചിനീയർമാർ തയ്യാറാകുന്നുള്ളൂ എന്നും ഈ കാര്യം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു എന്നുമാണ് അറിയിച്ചത്

ഓഡിറ്റിൽ ചൂണ്ടി കാണിക്കുന്ന അപാകങ്ങൾക്ക് അനുസരിച്ച് രേഖകൾ തയ്യാറാക്കി നൽകുന്നത് ശരിയായ നടപടിയല്ല. പ്രവൃത്തി പൂർത്തീകരിച്ച് തുക അനുവദിക്കുമ്പോൾ ശരിയായ രീതിയിൽ മൂല്യനിർണ്ണയം നടത്തുന്നില്ല എന്നതിന്റെ തെളിവാണിത്. കൂടാതെ പദ്ധതി സ.ഉ(കൈ) നം .22/2018/തസ്വഭവ. തീയതി 14-02-2018 പ്രകാരം ഗുണഭോക്താവ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്താൻ അസിസ്റ്റന്റ് എഞ്ചീനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയത് നിർവഹിക്കാത്തതും ശരിയായ നടപടിയല്ല.

മേൽ അപാകങ്ങൾ കാരണം മാർഗരേഖ പ്രകാരമല്ലാതെ അധികം നൽകിയ ₹79083 (29083 +50000) തടസ്സപ്പെടുത്തുന്നു. പ്രസ്തുത വിഷയം തുടർനടപടികൾക്കായി ഭരണസമിതിയുടെ അടിയന്തര ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-25 വീട് വാസയോഗ്യമാക്കൽ പ്രോജക്ട് (ജനറൽ) -നടത്തിപ്പിലെ അപാകങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് : 113/18-19 -വീട് വാസയോഗ്യമാക്കൽ പ്രോജക്ട് (ജനറൽ)

അടങ്കൽ : ₹ 6,12,500 - വികസന ഫണ്ട്

: ₹ 3,87,500 - തനത് ഫണ്ട്

ആകെ : ₹10,00,000

ചെലവ് : ₹ 6,12,500 - ബിൽ നം . 03/18-19 തീയതി 25-01-2019

: ₹ 89,228 - ചെക്ക് നം

: ₹2,98,272 - ചെക്ക് നം

പ്രോജക്ട് പ്രകാരം 20 വീടുകൾ വാസയോഗ്യമാക്കുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഒരു ഗുണഭോക്താവിന് ₹50,000 നൽകുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. 2018-19 ലെ പ്രോജക്ടുകളിലേക്ക് ബാധകമായ സബ്സിഡി മാർഗരേഖ പ്രകാരം വീടുകൾ വാസയോഗ്യമാക്കുന്നതിന് പരമാവധി സബ്സിഡി ₹1,00,000 യും മേൽക്കൂര മാറ്റി പുതിയ മേൽക്കൂരനിർമ്മിക്കാൻ ₹75000 ആണ് സബ്സിഡി നിരക്ക്. എന്നാൽ വീടുകൾ വാസയോഗ്യമാക്കുന്നതിന് തയ്യാറാക്കിയ പ്രോജക്ട് പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കുന്നതിന് മാത്രമായും തുക അനുവദിച്ചിട്ടുണ്ട്. പ്രോജക്ട് തയ്യാറാക്കുമ്പോഴുള്ള അവ്യക്തത കാരണം യഥാർഥ ഗുണഭോക്താക്കൾക്ക് സബ്സിഡി ലഭിക്കാതെ വരാൻ സാധ്യതയുണ്ട്. ഭാവിയിൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ മാർഗരേഖയിലെ നിർദ്ദേശം ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-26 ലൈഫ് ഭവന പദ്ധതി - പുർത്തിയാകാത്ത ഭവനങ്ങൾക്ക് മുഴുവൻ തുകയും കെട്ടിട നമ്പർ/ ഒക്ക്യുപെൻസി നൽകി - ചെലവ് തുക ₹1,31,80,000 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (തൃപ്രങ്ങോട്ടൂർ)

പ്രോജക്ട് : 02/18-19- ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി (ജനറൽ)

അടങ്കൽ : ₹ 32,45,400 -വികസന ഫണ്ട്

: ₹ 18,41,538 - ബ്ലോക്ക് പഞ്ചായത്ത് വിഹിതം

: ₹ 9,19,220 - ജില്ലാ പഞ്ചായത്ത് വിഹിതം

: ₹ 91,93,842 - വായ്പ

ആകെ : ₹1,52,00,000

ചെലവ് : വികസന ഫണ്ട്

: ₹ 4,80,000 ബിൽ നം 01/18-19 dtd 20-06-2018

: ₹ 4,80,000 ബിൽ നം 02/18-19 dtd 29-06-2018

: ₹ 4,40,000 ബിൽ നം 03/18-19 dtd 19-07-2018

: ₹17,20,000 ബിൽ നം 04/18-19 dtd 26-07-2018

: ₹40,000 ബിൽ നം 07/18-19 dtd 28-11-2018

: ₹85,400 ബിൽ നം 08/18-19 dtd 11-01-2018

ചെലവ് : ബ്ലോക്ക് പഞ്ചായത്ത് വിഹിതം

: ₹ 18,40,000 ചെക്ക് നം 6134144 dtd 16-12-2018

ചെലവ് : ജില്ലാ പഞ്ചായത്ത് വിഹിതം

:₹8,00,000 ചെക്ക് നം 6134145 dtd 17-10-2018

:₹1,04,600 ചെക്ക് നം 6134148 dtd 16-12-2018

ചെലവ് : വായ്പ

:₹4,09,000 ചെക്ക് നം 023801 dtd 11-01-2019

:₹31,00,000 ചെക്ക് നം 023802 dtd 30-03-2019

ആകെ :₹1,31,80,000

ഗ്രാമ പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതിയിൽ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ഗുണഭോക്തൃ പട്ടികയിൽ 39 ഗുണഭോക്താക്കളാണുള്ളത് . ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം കരാർ വെച്ച 38 പേരും മുഴുവൻ ഗഡു തുകയും കൈപ്പറ്റിയിട്ടുണ്ട്. സ.ഉ (സാധാ) നം 34/2018/തസ്വഭവ തീയതി 16-03-2018 ലെ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം -മാർഗരേഖയിലെ ഖണ്ഡിക 7 പ്രകാരം 400 ചതുരശ്ര അടി (37.16 ച.മീറ്റർ) തറ വിസ്തീർണ്ണമുള്ള ഭവനമാണ് ലൈഫ് പദ്ധതിയിൽ നിർമ്മിക്കേണ്ടത് . ഇതിൽ അടുക്കള, ഡ്രോയിംഗ് കം ഡൈനിംഗ് റൂം,രണ്ട് കിടപ്പ് മുറി, സെപ്റ്റിക്ക് ടാങ്കുള്ള ടോയിലറ്റ് എന്നിവ ഉണ്ടായിരിക്കണം. വീടുകളുടെ മുൻ-പിൻ വാതിലുകൾ, പ്ലംബിംഗ് ( 1 പോയിന്റ് ടോയിലറ്റ്, 1പോയിന്റ് അടുക്കള) വയറിംഗ് (മിനിമം 3 പോയിന്റ്)ഫ്ലോറിംഗ് (സിമന്റ് കോൺക്രീറ്റ്) എന്നിവ നിർബന്ധമായിരിക്കുന്നതാണ്. എന്നാൽ ഫയലിൽ സൂക്ഷിച്ച പൂർത്തീകരണ ഫോട്ടോ പ്രകാരം എല്ലാവരുടെയും ഭവനം വാസയോഗ്യമായവയായി കാണാത്തതിനാൽ 15-02-2020 ൽ 10 ഭവനങ്ങളിൽ പരിശോധന നടത്തുകയുണ്ടായി . പരിശോധിച്ച 10 ൽ 8 ഭവനങ്ങളും ലൈഫ് മാർഗരേഖ പ്രകാരം പൂർത്തിയാക്കുകയോ വാസയോഗ്യമാക്കുകയോ ചെയ്തിട്ടില്ല. ശ്രീമതി. നറുമ്പ് എന്ന ഗുണഭോക്താവ് പൂർത്തിയാകാത്ത വീടിന് കൂട്ടിചേർക്കൽ നടത്തിയിട്ടുണ്ട്. കൂടാതെ 2 വീടുകൾ 400 ച.അടിയിൽ കൂടുതലുള്ള തറ നിർമ്മിച്ച് ഭാഗികമായി നിർമ്മാണം പൂർത്തിയാക്കിയവയും വാസയോഗ്യമാക്കാത്തവയുമാണ്. സർക്കാർ ഉത്തരവ് ലംഘിച്ച് പൂർത്തിയാക്കാത്ത വീടുകൾക്കാണ് മുഴുവൻ തുകയും നൽകിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലെ മറ്റ് അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. പൂർത്തീകരിക്കാത്ത വീടുകൾക്ക് മുഴുവൻ ഗഡുവും അനുവദിച്ചു:-

സ.ഉ (സാധാ) നം 34/2018/തസ്വഭവ തീയതി 16-03-2018 ഖണ്ഡിക 6 പ്രകാരം നിർവഹണ ഉദ്യോഗസ്ഥന്റെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് തുക

വിതരണം ചെയ്യേണ്ടത്. ജനറൽ വിഭാഗത്തിന് കരാർ വെക്കുമ്പോൾ 10%, ബേസ്മെന്റ് പൂർത്തിയായാൽ 40%, ലിന്റൽ പൂർത്തിയാകുമ്പോൾ 40%, മേൽക്കൂര പൂർത്തിയായി വീട് വാസയോഗ്യമാകുമ്പോൾ 10% എന്നിങ്ങനെയാണ് വിവിധ നിർമ്മാണ ഘട്ടങ്ങളിലെ ധനസഹായനിരക്ക്. എന്നാൽ വീട് വാസയോഗ്യമാവാൻ അവശ്യം വേണ്ട ഘടകങ്ങൾ പോലും ഇല്ലാത്ത വീടുകൾക്ക് അവസാന ഗഡു നൽകിയിട്ടുണ്ട്. ഭവന നിർമ്മാണ ധനസഹായം ലഭിച്ചവരുടെ വിവരവും സ്ഥല പരിശോധനയിൽ കണ്ട അപാകങ്ങളും ചുവടെ കൊടുക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | അവസാന ഗഡു അനുവദിച്ച തീയതി | സ്ഥല പരിശോധനയിൽ കണ്ട അപാകങ്ങൾ |
|---|---|---|---|
| 1 | പ്രേമ.ടി,w/oസജീവൻ | 30-03-2019 | പരിശോധന നടത്താത്തത് |
| 2 | ചിരുത തട്ടിൽ | 30-03-2019 | പരിശോധന നടത്താത്തത് |
| 3 | ചീരുട്ടി പൊക്കായിന്റവിട | 30-03-2019 | പരിശോധന നടത്താത്തത് |
| 4 | അജിത w/o ഭാസ്കരൻ | 30-03-2019 | പരിശോധന നടത്താത്തത് |
| 5 | മിനി.ടി.കെ | 30-03-2019 | അവസാനഗഡു നൽകുന്നതിന് വെച്ച ഫോട്ടോ പ്രകാരം അടുക്കള വർക്ക് ഏറിയ എന്നിവ മാത്രമേ പൂർത്തിയായിട്ടുള്ളൂ. കക്കൂസ് നിർമ്മിച്ചിട്ടില്ല. വീടിന് കൂട്ടിചേർക്കൽ പണി നടക്കുന്നു. |
| 6 | കല്ല്യാണി.സി, w/o ഒണക്കൻ | 30-03-2019 | പരിശോധന നടത്താത്തത് |
| 7 | ശോഭ w/o ചന്ദ്രൻ | 30-03-2019 | പരിശോധന നടത്താത്തത് |
| 8 | ലക്ഷ്മി.പി.പി w/o നാണു | 30-03-2019 | പരിശോധന നടത്താത്തത് |
| 9 | ലീല.എം | 30-03-2019 | പരിശോധന നടത്താത്തത് |
| 10 | ശാരദ കല്ലിടുക്കിൽ | 30-03-2019 | പരിശോധന നടത്താത്തത് |
| 11 | ദേവി എം.സി | 30-03-2019 | ടോയിലറ്റ്, പ്ലംബിംഗ്,വയറിംഗ് എന്നിവയില്ല. വീട്ടിൽ താമസിക്കുന്നുണ്ട് |

| | | | |
|---|---|---|---|
| 12 | ചിരുത w/o കുഞ്ഞിക്കണ്ണൻ | 30-03-2019 | പരിശോധന നടത്താത്തത് |
| 13 | സാവിത്രി w/o രാജൻ എച്ചിലക്കാട്ട് ചാലിൽ | 30-03-2019 | ടോയിലറ്റ് നിർമ്മാണം പൂർത്തിയായിട്ടില്ല. വീട്ടിൽ താമസിക്കുന്നുണ്ട് |
| 14 | ഉഷ.എം w/o സജീവൻ | 30-03-2019 | പരിശോധന നടത്താത്തത് |
| 15 | ജലജ.പി w/o ബാലൻ | 30-03-2019 | അവസാനഗഡു നൽകുന്നതിന് വെച്ച ഫോട്ടോ പ്രകാരം ഒരു റൂം മാത്രമേ പൂർത്തിയാക്കിയിട്ടുള്ളൂ. ആയത് പൊളിച്ച് വീട് പുതുക്കി പണിയുന്നു |
| 16 | ഗീത .എൻ.പി w/o സുരേന്ദ്രൻ | 30-03-2019 | തറയുടെ മുൻവശത്തായി ഹാൾ, ഒരു ബെഡ് റൂം പണിതിട്ടുണ്ട്. അടുക്കള, ,ടോയിലറ്റ് എന്നിവയും വയറിംഗ്,പ്ലംബിംഗ് എന്നിവ ഏറ്റെടുത്ത് നടത്തിയിട്ടില്ല |
| 17 | ഭാർഗ്ഗവി.കെ.w/o കുമാരൻ | 30-03-2019 | പരിശോധന നടത്താത്തത് |
| 18 | ലതിക വെള്ളത്തപറമ്പത്ത് | 26-07-2019 | പരിശോധന നടത്താത്തത് |
| 19 | മാതു.എം.മങ്കടവത്ത് | 26-07-2019 | പരിശോധന നടത്താത്തത് |
| 20 | ശാന്ത തട്ടിൻ ഇടവലത്ത് | 26-07-2019 | പരിശോധന നടത്താത്തത് |
| 21 | ലീല .എം | 26-07-2019 | പരിശോധന നടത്താത്തത് |
| 22 | മന്ദി വടക്കേയിൽ | 26-07-2019 | പരിശോധന നടത്താത്തത് |
| 23 | മാതു (കല്ല എന്ന മാതു) | 26-07-2019 | പരിശോധന നടത്താത്തത് |
| 24 | റീന w/oകല്ലറ ശശി | 26-07-2019 | പരിശോധന നടത്താത്തത് |
| 25 | കല്ല്യാണി.കെ | 26-07-2019 | പരിശോധന നടത്താത്തത് |
| 26 | ദേവി.കെ w/o കൃഷ്ണൻ | 26-07- | പരിശോധന നടത്താത്തത് |

| | | | |
|---|---|---|---|
| | | 2019 | |
| 27 | രജനി.എൻ | 26-07-2019 | പരിശോധന നടത്താത്തത് |
| 28 | നറുമ്പ് w/oചാത്തു | 26-07-2019 | വീട് പൂർത്തിയാക്കി വാസയോഗ്യമാക്കിയിട്ടില്ല. കൂട്ടിചേർക്കൽ പ്രവൃത്തി നടക്കുന്നു. |
| 29 | സുനീറ w/o റയിസ് | 26-07-2019 | പരിശോധന നടത്താത്തത് |
| 30 | ഷിബി.എം w/oസജിവൻ | 26-07-2019 | പൂർത്തീകരണ ഫോട്ടോ പ്രകാരം ഓട് മേഞ്ഞ ഒരു മുറി മാത്രമേ പണിതിട്ടുള്ളൂ. പ്രസ്തുത മുറി പൊളിച്ച് മാറ്റി കൂട്ടിചേർക്കൽ നടക്കുന്നതായി പരിശോധനയിൽ കണ്ടു. |
| 31 | ബിന്ദു .കെ ,w/o രവി കണ്ടൽ നിരത്തിയതിൻ | 31-10-2019 | മുൻവാതിൽ, വയറിംഗ്,പബ്ലിംഗ്, ടോയിലറ്റ് , നിലം സിമന്റ് ചെയ്യൽ, സ്റ്റെയർകെയ്സിന് റൂഫ് എന്നിവയില്ല.വീട് വാസയോഗ്യമായില്ല. |
| 32 | ശ്രീമതി w/o രാജൻ | 31-10-2019 | പരിശോധന നടത്താത്തത് |
| 33 | ദേവി w/o ചന്ദ്രൻ പഞ്ചാരയിൽ | 31-10-2019 | പരിശോധന നടത്താത്തത് |
| 34 | ശോഭ w/o രതീശൻ | 31-10-2019 | ഒരു ബെഡ്റൂം, ഹാൾ, എന്നിവയുടെ വാർപ്പ് കഴിഞ്ഞിട്ടുണ്ട്. മറ്റ് പണികൾ ഒന്നും നടത്തിയിട്ടില്ല.400 ച.അടിയിൽ കൂടുതലുള്ള തറ കെട്ടിയിട്ടുണ്ട. വീട് വാസയോഗ്യമാക്കിയിട്ടില്ല. |
| 35 | ഷൈമജ w/o മോഹനൻ ചെട്ട്യാങ്കണ്ടി | 31-10-2019 | പരിശോധന നടത്താത്തത് |
| 36 | ചീരുട്ടി (മാതു എന്ന ചീരുട്ടി) | 31-10-2019 | പരിശോധന നടത്താത്തത് |
| 37 | ശശി ചാലിൽ | 31-10-2019 | പരിശോധന നടത്താത്തത് |
| 38 | ലീല ടി.പി | 31-10-2019 | പരിശോധന നടത്താത്തത് |

പരിശോധന നടത്തിയതിൽ രണ്ട് വീടുകളിൽ മാത്രമേ താമസിക്കുന്നുള്ളൂ. അതിൽ തന്നെ ടോയിലറ്റ് നിർമ്മിച്ചിട്ടില്ല. 16-07-2019ലെ235/-ഡിബി.1/19/തസ്വഭവ സർക്കുലർ പ്രകാരം ലൈഫ് മിഷൻ വീടുകൾക്ക് നിലവിൽ നിർദ്ദേശിച്ചിട്ടുള്ള 400 ച.അടി + 5%(പരമാവധി 420അടി) എന്ന തറ വിസ്തീർണ്ണമുള്ള മാനദണ്ഡം നിലനിർത്തേണ്ടതാണ്. എന്നാൽ 600 ച.അടിയിൽ കൂടുതൽ തറ വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങൾക്ക് അവസാന ഗഡു നൽകേണ്ടതില്ല എന്നും ഇത്തരത്തിലുള്ള ഗുണഭോക്താക്കളുടെ അർഹത പുനപരിശോധിക്കേണ്ടതും അനർഹരെന്ന

കണ്ടെത്തിയാൽ മുഴുവൻ തുകയും ഈടാക്കുകയോ അല്ലെങ്കിൽ വായ്പ തുക ഗുണഭോക്താവു തന്നെ തിരിച്ചടക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. 06-09-2019 ലെ LSGD-DB1/312/2019-LSGD സർക്കുലർ പ്രകാരം ഗുണഭോക്താവ് സ്വന്തം നിലയ്ക്ക് അധിക ധനവിഭവം കണ്ടെത്തി ഉയർന്ന തറ വിസ്തൃതിയിൽ വീടു നിർമ്മിച്ചിട്ടുണ്ടെങ്കിൽ അങ്ങനെയുള്ളവയ്ക്കും ലൈഫ് മിഷൻ ഭവന നിർമ്മാണ ധനസഹായം പൂർണ്ണമായി നൽകാവുന്നതാണ്. എന്നാൽ അത്തരം വീടുകൾക്ക് അവർ ഭവന നിർമ്മാണം പൂർണ്ണമായും പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രം അവസാന ഗഡു നൽകേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശങ്ങൾ വരുന്നതിന് മുമ്പ് തന്നെ വാസയോഗ്യമല്ലാത്ത 30 വീടുകൾക്കും അവസാന ഗഡു തുകയും നൽകിയിട്ടുണ്ട്.

<u>2. സർക്കാർ ഉത്തരവിൽ പറഞ്ഞ അവശ്യമുറികൾ ഉൾപ്പെടുത്താത്ത പ്ലാൻ പ്രകാരമുള്ള ഭവനങ്ങളുടെ നിർമ്മാണത്തിനാണ് എൻ.ഒ.സി നൽകിയിട്ടുള്ളത്.</u>

ഉദാ:- (i) NOC No.2234/18 dtd 26-06-2018 പ്രകാരം എൻ.ഒ.സി.നൽകിയ ശ്രീമതി.സുനീറ w/oറഹീസ്

എന്നവരുടെ പ്ലാൻ പ്രകാരം ബെഡ് റൂം -1, ഹാൾ , സിറ്റൗട്ട്, അടുക്കള എന്നിവ മാത്രമേയുള്ളൂ. ആകെ തറ വിസ്തീർണ്ണം 397.15sqft.

(ii) NOC No.2428/18 dtd 06-07-2018 പ്രകാരം എൻ.ഒ.സി.നൽകിയ ശ്രീമതി.ചീരുട്ടിഎന്ന മാതു

എന്നവരുടെ പ്ലാൻ പ്രകാരം ബെഡ് റൂം -1, ഹാൾ , ,അടുക്കള, ടോയിലറ്റ് എന്നിവ മാത്രമേയുള്ളൂ . ആകെ തറ വിസ്തീർണ്ണം 37.44sqm.

(iii) NOC No.2242/18 dtd 26-06-2018 പ്രകാരം എൻ.ഒ.സി.നൽകിയ ശ്രീമതി.ഉഷ ആശാരിന്റവിട

എന്നവരുടെ പ്ലാൻ പ്രകാരം ബെഡ് റൂം -1, ഹാൾ, അടുക്കള, സിറ്റൗട്ട്, ബാത്ത് റൂം എന്നിവ മാത്രമേയുള്ളൂ. ആകെ തറ വിസ്തീർണ്ണം 39.40 sqm

<u>3. സർക്കാർ ഉത്തരവ് ലംഘിച്ച് കെട്ടിട നമ്പർ / ഒക്യുപ്പെൻസി നൽകി :-</u>

സ.ഉ (സാധാ) നം 34/2018/തസ്വഭവ തീയതി 16-03-2018 ഖണ്ഡിക 8 പ്രകാരം നിർമ്മാണം പൂർത്തിയാകുമ്പോൾ ഒക്യൂപെൻസി സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ ഗുണഭോക്താവ് വെള്ളപേപ്പറിൽ നൽകിയാൽ മതിയാകുന്നതാണ്. ആയത് ചട്ടപ്രകാരമുള്ള പൂർത്തീകരണ പത്രികയായി പരിഗണിക്കേണ്ടതാണ് എന്നും ഭവന നിർമ്മാണം മാനദണ്ഡ പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട് എന്ന നിർവഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഒക്യുപ്പെൻസി സർട്ടിഫിക്കറ്റും കെട്ടിട നമ്പറും നൽകേണ്ടതാണ് എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഈ നിബന്ധനകൾ ഒന്നും പാലിക്കാതെ അപേക്ഷകളിൽ ചുമതലയുള്ള വാർഡ് ക്ലാർക്ക് പരിശോധന നടത്തി റിപ്പോർട്ട് നൽകിയതിന്റെ അടസ്ഥാനത്തിൽ കെട്ടിട നമ്പർ / ഒക്യുപ്പെൻസി നൽകുകയാണ് ചെയ്തത്. വാസയോഗ്യമാക്കാത്ത വീടുകൾക്കാണ് ഇങ്ങനെ നമ്പർ നൽകിയിട്ടുള്ളത്. ഉദാ:-

(i) ശ്രീമതി. നറുമ്പ് തങ്കേശപിലാവുള്ളതിൽ എന്നവർക്ക് അവസാന ഗഡു നൽകിയിരിക്കുന്നത് 26-07-2019 ആണ്. 18-09-2019ന് നൽകിയ അപേക്ഷ പ്രകാരം വാസയോഗ്യമാക്കാത്ത വീടിന്

(പരിശോധന സമയത്ത് ടോയിലറ്റ് പണിയുകയോ, വയറിംഗ്, വാട്ടർ കണക്ഷൻ ലഭ്യമാക്കുകയോ, നിലം സിമന്റ് ചെയ്യുകയോ ചെയ്യാതെ കൂട്ടിചേർക്കൽ നടത്തുന്നു) വാർഡ് ക്ലാർക്കിന്റെ അന്വേഷണ പ്രകാരമാണ് വീട്ട് നമ്പർ വാർഡ് V/71/A അനുവദിച്ചിട്ടുള്ളത് .

(ii) ഉഷ ആശാരിന്റവിട – വാർഡ് II/113/B

(iii) ബിന്ദു കണ്ടൽനിരത്തിയതിൽ - വാർഡ് X/252/A

4.അനുമതിയില്ലാതെ അധിക കൂട്ടിച്ചേർക്കൽ നടത്തുന്നു:-

ഭവന നിർമ്മാണത്തിന് 400 ച.അടി തറ വിസ്തീർണ്ണത്തിനാണ് എൻ.ഒ.സി നൽകിയിട്ടുള്ളത് എന്നാൽ പരിശോധന നടത്തിയതിൽ 8 വീടുകളും ലൈഫ് ഭവന പദ്ധതി നിർദ്ദേശ പ്രകാരമുള്ള പൂർത്തീകരണം നടത്താതെ മുഴുവൻ ഗഡു തുകയും കൈപ്പറ്റി അന്തിമ ഗഡു നൽകുമ്പോഴുള്ള ഫോട്ടോയിലുള്ള ഭവനം പൊളിച്ച് മാറ്റിയും നിലവിലുള്ളതിൽ കൂട്ടിചേർത്തും 400ച.അടിയിൽ കൂടുതൽ വിസ്തീർണ്ണത്തിൽ വീട് നിർമ്മാണം നടത്തുകയാണ്. എന്നാൽ ഇവയ്ക്ക് പഞ്ചായത്തിൽ നിന്നുള്ള അനുമതി വാങ്ങിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

5.മുഴുവൻ തുകയും നൽകുമ്പോൾ നിർമ്മാണം പൂർത്തിയായി എന്ന് സാക്ഷ്യപ്പെടുത്തിയ പല വീടുകളും നാല് ലക്ഷം രൂപയുടെ മൂല്യത്തിലുള്ള വീട് പൂർത്തിയാക്കിയിട്ടില്ല.

ശ്രീമതി. ജലജ.പി, ശ്രീമതി.ഷിബി.എം, ശ്രീമതി.ഉഷ സജിവൻ, എന്നിവരുടെ ഭവനങ്ങൾ പൂർത്തീകരണ ഫോട്ടോയിലുള്ളത് നാല് ലക്ഷം രൂപയുടെ മൂല്യത്തിലുള്ളവയല്ല . കൂടാതെ ഇവ പൊളിച്ച് മാറ്റി 100ച.മീറ്ററിൽ കൂടുതലുള്ള വീട് നിർമ്മിക്കുന്നതാണ് സ്ഥല പരിശോധനയിൽ കണ്ടത്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം .08/2018-19 തീയതി17-02-2020നുള്ള മറുപടിയിൽ വാർഡ് ക്ലാർക്കുമാർ ഫീൽഡ് പരിശോധന നടത്തിയിട്ടാണ് നമ്പർ അനുവദിച്ചത് എന്നും വീടുകൾ ഫോട്ടോയിലുള്ളത് പ്രകാരം വാസയോഗ്യമായിരുന്നു എന്നും അനുമതിയില്ലാതെ കൂട്ടിചേർക്കൽ നടത്തിയ കെട്ടിട ഉടമകൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ് എന്നുമാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നൽകിയ മറുപടിയിൽ വ്യക്തമാക്കിയത് ലൈഫ് പദ്ധതിയിൽ അവസാന ഗഡു തുക നൽകിയത് കട്ടിള, ജാലകം, മുൻപിൻ വാതിലുകൾ, മൂന്ന് പോയന്റ് വയറിംഗ് എന്നിവ പൂർത്തിയായതും അടച്ചുറപ്പുള്ളതും വീട്ടു നമ്പർ ലഭിച്ചതുമായ വീടുകൾക്കാണ് എന്നാണ്. എന്നാൽ അവസാന ഗഡു നൽകിയതിന് ശേഷമാണ് നമ്പർ നൽകിയത് എന്ന് മേൽ ഉദാഹരണത്തിൽ നിന്ന് വ്യക്തമാണ്. കൂടാതെ ജലജ.പി ,w/oബാലൻ കല്ലായിന്റവിട എന്നവർക്ക് 30-03-2019 ന് അവസാന ഗഡു തുക നൽകിയിട്ടുണ്ട്. എന്നാൽ അവസാന ഗഡുനൽകുമ്പോൾ ഹാജരാക്കിയ ഫോട്ടോ പ്രകാരം വീടിന് ജനലോ ,കട്ടിളസോ, അടുക്കളയോ ഒന്നുമില്ലാത്ത വലിയ തറയിൽ ഒരു മുറി മാത്രമാണ് പണിതിരിക്കുന്നത് ആയതിനും അവസാന ഗഡുവും വീട്ട് നമ്പറും ( VII/131/A) നൽകിയിട്ടുണ്ട്. പ്രസ്തുത റൂം പൊളിച്ച് 100ച.മീറ്ററിൽ കൂടിയ വീട് പണിയുന്നതാണ് സ്ഥല പരിശോധനയിൽ കണ്ടത്.

മറുപടികൾ തൃപ്തികരമല്ലാത്തതിനാലും സർക്കാർ ഉത്തരവുകളുടെ ലംഘനം നടന്നതായി ഫീൽഡ് പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും പൂർത്തിയാകാത്ത വീടുകൾക്ക് അവസാന ഗഡു തുക നൽകിയതായി വ്യക്തമായതിനാലും ചെലവ് തുക ₹1,31,80,000 തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തുന്നതിന് ഭരണസമിതിയുടെയും ലൈഫ് മിഷൻ അധികൃതരുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 പട്ടിക ജാതിവിദ്യാർത്ഥികൾക്ക് സൈക്കിൾ - മാർഗരേഖ നിർദ്ദേശമില്ലാത്ത പ്രോജക്ട് നടപ്പിലാക്കൽ -ചെലവ് തുക ₹59,500 തടസ്സപ്പെടുത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് : 23/18-19- പട്ടിക ജാതിവിദ്യാർത്ഥികൾക്ക് സൈക്കിൾ

അടങ്കൽ : ₹60,000 വികസന ഫണ്ട് (എസ്.സി.പി)

ചെലവ് : ₹59,500- ബിൽ നം. 05/18-19 dtd 26-12-2018

മേൽ പ്രോജക്ടിനായി ഫിഡ്കോവിൽ നിന്നും ടെണ്ടർ പ്രകാരം 10 സൈക്കിളുകൾ വാങ്ങി (ഇൻവോയ്സ്.നം. 241/24-12-2018) വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 2018-19 ലെ പദ്ധതി മാർഗരേഖ പ്രകാരം സൈക്കിൾ വാങ്ങി നൽകുന്ന പ്രോജക്ടിന് നിർദ്ദേശമില്ല. സ.ഉ(കൈ) നം 22/2018 തസ്വഭവ.തീയതി 14-02-2018 ഖണ്ഡിക 2.2. പ്രകാരം ഈ മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ,ഓരോ ഇനത്തിലും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി ആവശ്യമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മുൻകൂർ അനുമതി വാങ്ങിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് 22-02-2020 നൽകിയ 27/2018-19 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പ്രോജക്ടിന്റെ സാധൂകരണത്തിനായി വികേന്ദ്രീകൃത ആസൂത്രണ സമിതി കോ-ഓർഡിനേഷൻ കമ്മിറ്റിക്ക് അയച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. മാർഗരേഖ ലംഘിച്ച് പ്രോജക്ട് നടപ്പിലാക്കിയതിനാൽ ചെലവ് തുക ₹59,500 തടസ്സപ്പെടുത്തുന്നു

## 1-28 അറുപത് വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ)- 60 വയസ്സ് തികയാത്തവർക്ക് നൽകിയ തുക തിരിച്ചടച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് : 67/18-19 - 60 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ)

അടങ്കൽ : ₹3,13,200 -വികസന ഫണ്ട്.

ചെലവ് : ₹3,03,984 - ബിൽ നം. 13/18-19 dtd 21-03-2019

മേൽ പ്രോജക്ടിനായി ഫിഡ്കോവിൽ നിന്നും ₹4222 വിലയുള്ള ആഞ്ഞിലി മരത്തിന്റെ 72 കട്ടിൽ വാങ്ങി (ഇൻവോയ്സ് നം . 365/15-02-2019) വിതരണം ചെയ്തിട്ടുണ്ട്. അറുപത് വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്കാണ് കട്ടിൽ നൽകുന്നത് . എന്നാൽ 52 വയസ്സുള്ള ശ്രീമതി.ജാനു നിള്ളക്കുനിയിൽ എന്നവർക്ക് കട്ടിൽ വിതരണം ചെയ്തിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകളായ റേഷൻ കാർഡിൽ (15-03-2017 ൽ വിതരണം ചെയ്ത കാർഡ് നം 8592619558) ശ്രീമതി.ജാനു നിള്ളക്കുനിയിൽ എന്നവരുടെ വയസ്സ് 49ഉം ആധാർ കാർഡ് നം.2459 6154 9623 പ്രകാരം ജനന തീയതി 01-01-1966 ആണ്. ആയതിനാൽ മാർഗരേഖ പ്രകാരം കട്ടിലിന് അർഹതയില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.28/2018-29 തീയതി 22-02-2020 നെ തുടർന്ന് അനർഹർക്ക് നൽകിയ കട്ടിലിന്റെ തുകയായ ₹4222 രശീതി നമ്പർ 11901010766З ldtd 27/02/2020 പ്രകാരം ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-29 പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി - പൂർത്തീകരിച്ച വീടിന് നികുതി ഈടാക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് : 11/18-19- പട്ടിക ജാതി വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി

അടങ്കൽ : ₹4,00,000 - വികസന ഫണ്ട് (എസ്.സി.പി)

ചെലവ് : ₹ 50,000 - ബിൽ നം.04/18-19 dtd 26-12-2018

: ₹1,50,000 - ബിൽ നം.12/18-19 dtd 28-02-2019

: ₹ 50,000 - ബിൽ നം. 08/18-19 dtd 04-02-2019

പ്രസ്തുത പദ്ധതിയിൽ ഗുണഭോക്താക്കളായി ശ്രീ.വിനോദൻ.കെ , F/o INIYA.K , ശ്രീ.സത്യൻ ചെമ്പുക്കുഴിയിൽ F/o Nithya C.K എന്നീ രണ്ടു പേരാണുള്ളത് . ഇതിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യേഷന്റെ അടിസ്ഥാനത്തിൽ ശ്രീ.വിനോദൻ.കെ എന്നവർക്ക് ₹2,00,000 അനുവദിച്ചിട്ടുണ്ട്. എന്നാൽ ശ്രീ.സത്യൻ ചെമ്പുക്കുഴിക്ക് ₹50,000മാത്രമേ അനുവദിച്ചിട്ടുള്ളൂ. ഭവനനിർമ്മാണം പൂർത്തിയാക്കി വാല്യേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ബിൽ

ക്യ ബില്ലായതിനാൽ 2018-19 ൽ ബാക്കി തുക അനുവദിച്ചിട്ടില്ല. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

ഗുണഭോക്താക്കൾ നിലവിലുള്ള വീടിന് കൂട്ടിചേർക്കൽ നടത്തിയാണ് പഠനമുറി നിർമ്മിച്ചിട്ടുള്ളത് . എന്നാൽ സഞ്ചയ പ്രകാരം അധിക നിർമ്മാണത്തിന് നികുതി ഈടാക്കിയിട്ടില്ല. സഞ്ചയ പ്രകാരം X/515 കെട്ടിട നമ്പറുള്ള ശ്രീ. വിനോദൻ.കെ എന്നവരുടെ ഭവനത്തിന് 38.8 ച.മീ വിസ്തീർണ്ണമുണ്ട് ഇതിന് ₹163 വസ്തു നികുതി ചുമത്തിയിട്ടുമുണ്ട്. എന്നാൽ പഠന മുറി നിർമ്മിക്കുന്നതിന് നൽകിയ അനുമതി പത്രത്തിൽ ആകെ തറവിസ്തീർണ്ണം 85.22 ച.മീറ്ററുമാണ്. എന്നാൽ ആയതിന്റെ നികുതി ഈടാക്കിയിട്ടുമില്ല.

ഓഡിറ്റ് അന്വേഷണത്തിനുള്ള (നം. 29/2018-29 തീയതി22-02-2020) മറുപടിയിൽ നികുതി പുനർനിർണ്ണയിക്കാൻ സെക്ഷന് നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. രണ്ട് ഗുണഭോക്താക്കളുടെയും നികുതി പുനർനിർണ്ണയിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

# 1-30 മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ - ഇൻവോയ്സ് പ്രകാരമുള്ള മരുന്ന് സ്റ്റോക്കിലില്ല -ചെലവ് തുക ₹2,00,000 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

പ്രോജക്ട് : 36/18-19 -- മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : ₹2,00,000 - റോഡിതരം

ചെലവ് : ₹2,00,000 - ബിൽ നം.10/18-19 dtd 19-02-2019

ടെണ്ടർ പ്രകാരം ന്യൂഫാർമ എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം NP.2748 dtd 23-10-2018 പ്രകാരം 44 ഇനം മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ ക്രമനമ്പർ 15 ആയി കാണിച്ച ENRIN BOLUS 2S എന്ന മരുന്ന് 500 എണ്ണം ലഭിച്ചിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പേജ് 163 ൽ Encrofloxacin Bolus 1.5g 2's എന്ന പേരിൽ 200 എണ്ണം മാത്രമേ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തിട്ടുള്ളൂ.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 21/2018-19 തീയതി 19-02-2020 നുള്ള മറുപടിയിൽ ENRIN BOLUS 2'S 300 എണ്ണം സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരം ഹാജരാക്കുന്നു എന്നാണ് അറിയിച്ചത് . ആയതുപ്രകാരം സ്റ്റോക്ക് രജിസ്റ്റർ പേജ് 196 ൽ 300 എണ്ണം Encrofloxacin Bolus 1.5g എടുത്ത് വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്. രണ്ട് പേജിലും 23-10-2018 ൽ മരുന്ന് ലഭിച്ചതായാണ് കാണിച്ചിരിക്കുന്നത് . കൂടാതെ ഒരേ മാസം തന്നെ വ്യത്യസ്ത തീയതികളിൽ രണ്ട് പേജുകളിലും കുറവ് വരുത്തിയതായും കാണിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി നൽകുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ പേജ് 163 ന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് വാങ്ങിയിരുന്നു. അതേ പേജിന്റെ പകർപ്പ് ഓഡിറ്റ് എൻക്വയറിയുടെ മറുപടിയോടൊപ്പവും സാക്ഷ്യപ്പെടുത്തി വാങ്ങിയിട്ടുണ്ട്. ഇതുപ്രകാരം വിതരണ തീയതികൾ തിരുത്തിയതായി

കാണുന്നു. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് സ്റ്റോക്കിലെടുക്കാത്ത മരുന്ന് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി കാണിച്ച് രേഖകളിൽ തിരുത്തൽ വരുത്തി ലഭ്യമാക്കുയാണ് ഉണ്ടായത് എന്ന് വ്യക്തമാണ്. കൂടാതെ സ്റ്റോക്ക് രജിസ്റ്ററിൽ വിതരണം കാണിച്ച മരുന്നുകൾ ആർക്കൊക്കെ നൽകി എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതി പ്രകാരം വാങ്ങിയ മുഴുവൻ മരുന്നുകളുടെ വിനിയോഗം സംബന്ധിച്ച് വിശദമായ പരിശോധന ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ടവർ നടത്തി വിവരം ലഭ്യമാക്കേണ്ടതാണ്. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുക ₹2,00,000 തടസ്സപ്പെടുത്തുന്നു.

# 1-31 മൃഗാശുപത്രിയിലേക്ക് ഇൻവെർട്ടർ വാങ്ങൽ - പരിശോധന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക ₹25,900 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രോജക്ട് : 80/18-19 -- മൃഗാശുപത്രിയിലേക്ക് ഇൻവെർട്ടർ വാങ്ങൽ

അടങ്കൽ : ₹30,000 - റോഡിതരം

ചെലവ് : ₹25,900 - ബിൽ നം.02/18-19 dtd 30-10-2018

ക്വട്ടേഷൻ പ്രകാരം S.S.Traders, Thayatheru,Kannur എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നം. 105 തീയതി 09-10-2018 പ്രകാരം Servosonic 1200 va Inverter Sinewave , Excide Battery TM500L (150 ah) എന്നിവ വാങ്ങിയിട്ടുണ്ട്. ഇൻവെർട്ടർ സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം, സ്പെസിഫിക്കേഷൻ പ്രകാരമുള്ളവ തന്നെയാണോ വിതരണം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഇവ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ക്വട്ടേഷൻ പ്രകാരമുള്ളവ തന്നെയാണോ വിതരണം ചെയ്തത് എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥനെ കൊണ്ട് പരിശോധിച്ചതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക ₹25,900 തടസ്സപ്പെടുത്തുന്നു.

# 1-32 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം, കൈപ്പറ്റ് എന്നിവ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രോജക്ട് : 40/18-19 -- പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ : ₹1,56,250 - വികസന ഫണ്ട്

: ₹1,56,250 - സംസ്ഥാന വിഹിതം

: ₹3,12,500 - ഗുണഭോക്തൃ വിഹിതം

ആകെ : ₹6,25,000

ചെലവ് : ₹1,56,250 - ബിൽ നം. 15/18-19 dtd 26-03-2019

മേൽ പ്രോജക്ടിന് ഗ്രാമപഞ്ചായത്ത് വിഹിതമായി ₹1,56,250 ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ജനവരി 2020 വരെയുള്ള കാലയളവിലെ വിനിയോഗപത്രം ലഭ്യമാക്കിയിട്ടുണ്ട്. മൂന്ന് വർഷത്തേക്കുള്ള പദ്ധതിയായതിനാൽ പ്രോജക്ടിന്റെ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-33 കന്നുകുട്ടി (പെൺ) വിതരണ പദ്ധതി - അധിക തുക നൽകി - അധികം നൽകിയ ₹6000 നിരാകരിക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറി സർജൻ

പ്രോജക്ട് : 75/18-19- കന്നുകുട്ടി (പെൺ) വിതരണം

അടങ്കൽ : ₹2,88,000 വികസന ഫണ്ട്

: ₹2,88,000 - ഗുണഭോക്തൃ വിഹിതം

ആകെ : ₹ 5,76,000

ചെലവ് : ₹1,20,000 - ബിൽ നം. 16/18-19 dtd 26-03-2019

: ₹ 88,000 - ബിൽ നം. 08/18-19 dtd 24-01-2019

: ₹ 80,000 - ബിൽ നം 11/18-19 dtd 28-02- 2019

ആകെ : ₹ 2,88,000

8-12 മാസം പ്രായമുള്ള കന്നുകുട്ടികളെ വിതരണം ചെയ്യുന്നതിന് ലക്ഷ്യമിട്ടാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ 36 ഗുണഭോക്താക്കൾക്ക് ₹8000 വീതം സബ്സിഡി പശുവിനെ നൽകിയവരുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

സ.ഉ(കൈ)നം22/2018/തസ്വഭവ തീയതി 14-02-2018 ഖണ്ഡിക 6.2.4 പ്രകാരം കന്നുകുട്ടി, കാളക്കുട്ടി, പോത്തുകുട്ടി എന്നിവയ്ക്കുള്ള സബ്സിഡി പൊതുവിഭാഗത്തിന് 50% (പരമാവധി ₹8000) ആണ്. ആയതിനുള്ള മാനദണ്ഡം കന്നുകുട്ടി 6-8 മാസമെങ്കിലും പ്രായമുള്ളവയായിരിക്കണം, യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം എന്നിവയാണ്.

2018-19 വാർഷിക പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന പദ്ധതികളിൽ വ്യക്തിഗത ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട ആസ്തി ഇനങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതല സാങ്കേതിക വിദഗ്ധ സമിതി അംഗീകരിച്ചിട്ടുണ്ട്. അതുപ്രകാരം 6-8 മാസം

പ്രായമുള്ള കന്നുകുട്ടി/പോത്തുകുട്ടി എന്നിവയുടെ യൂണിറ്റ് കോസ്റ്റ് ₹10,000 വും 8-12 മാസം പ്രായമുള്ള കന്നുകുട്ടിയുടേത് ₹16,000 വുമാണ്. എന്നാൽ വെറ്റിനറി സർജൻ ഏഴ് മാസം പ്രായം എന്ന് സാക്ഷ്യപ്പെടുത്തിയ കന്നുകുട്ടിയെ വാങ്ങിയ ഇനത്തിൽ മൈമൂനത്ത്.കെ (വാർഡ് 13), ഗീത.സി.ടി (വാർഡ് 5) എന്നിവർക്ക് ₹8000 സബ്സിഡി അനുവദിച്ചിട്ടുണ്ട്. മാർഗരേഖ പ്രകാരം പരമാവധി സബ്സിഡി യൂണിറ്റ് കോസ്റ്റിന്റെ 50% പരമാവധി ₹8000 ആണ്. ആയതിനാൽ മേൽ പറഞ്ഞവർക്ക് യൂണിറ്റ് കോസ്റ്റായ ₹`10,000 യുടെ 50% ആയ ₹5000 മാത്രമേ സബ്സിഡിക്ക് അർഹതയുള്ളൂ.

ഓഡിറ്റ് അന്വേഷണം നം 26/2018-19 നുള്ള മറുപടിയിൽ കന്നുകുട്ടികളുടെ പ്രായം 9 മാസം എന്നുള്ളത് തെറ്റായി 7 മാസം എന്ന രേഖപ്പെടുത്തിയതാണ് എന്നാണ് അറിയിച്ചത് . പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക ഈടാക്കി തിരിച്ചടക്കേണ്ടതാണ്. ആയതിനാൽ അധികം നൽകിയ ₹6000 നിരാകരിക്കുന്നു.

# 1-34 പ്രവൃത്തി കൃത്യസമയത്ത് പൂർത്തിയാക്കാത്തതിന് പിഴ ഈടാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനിയർ

ജി.ഒ (പി)നം .13/2012/പി.ഡബ്ള്യൂ.ഡി/ തീയതി .01-02-2012 ലെ പരിഷ്കരിച്ച പൊതുമരാമത്ത് വകുപ്പ് മാന്വലിലെ ഖ. നം.2112 പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പിഴ ചുമത്തി കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. യഥാർഥ പൂർത്തീകരണ കാലത്തിന്റെ 25% ആദ്യ ഘട്ടത്തിലും രണ്ടാം ഘട്ടത്തിൽ 25% വും പരമാവധി യഥാർഥ പൂർത്തീകരണ കാലത്തിന്റെ പകുതിയും കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. 2112.1 ഖണ്ഡിക പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് ആദ്യ 25% കരാർതുകയുടെ 1% പിഴയും അടുത്ത 25% ന് കരാർതുകയുടെ 2% പിഴയും ഈടാക്കേണ്ടതാണ്. എന്നാൽ കരാറുകാരനിൽ നിന്ന് താഴെ പറയുന്ന പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്ന് പിഴ ഈടാക്കിയിട്ടില്ല. നിയമാനുസൃതമായ പിഴ ഈടാക്കാത്തതിന് കാരണം അറിയിക്കേണ്ടതാണ്. കൂടാതെ കാലാവധി കഴിഞ്ഞ പ്രവൃത്തികൾക്ക് സമയം ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല..

1. പ്രോജക്ട് നമ്പർ : 141/18-19- ചിറ്റിക്കര കണ്ടങ്കയം റോഡ്

കരാർ തുക : ₹304672

കരാറുകാരൻ : ശ്രീ.പി.വി.കൃഷ്ണൻ

കരാർ നം/തീയതി : No.18/AE/LSGD/TGP/07/17-18 dtd 04-12-2017

എം . ബുക്ക് : 18/17-18

പ്രവൃത്തി പൂർത്തീകരണ സമയം : 4 മാസം (As per Agreement Register)

പ്രവൃത്തി പൂർത്തീകരണ തീയതി: 03-04-2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 16-05-2018

കാലതാമസം : 1മാസം 14ദിവസം

ഈടാക്കേണ്ട പിഴ : 304672 x 3% =₹ 9140

2. പ്രോജക്ട് നമ്പർ : 148/18-19- ചെറ്റക്കണ്ടി കണിയാണ്ടിപ്പാറ റോഡ് റീടാറിംഗ്

കരാർ തുക : ₹149758

കരാറുകാരൻ : ശ്രീ.പി.വി.കൃഷ്ണൻ

കരാർ നം/തീയതി : No.19/AE/LSGD/TGP/07/17-18 dtd 04-12-2017

എം . ബുക്ക് : 19/17-18

പ്രവൃത്തി പൂർത്തീകരണ സമയം : 4 മാസം (As per Agreement Register)

പ്രവൃത്തി പൂർത്തീകരണ തീയതി : 03-04-2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 16-05-2018

കാലതാമസം : 1മാസം 14ദിവസം

ഈടാക്കേണ്ട പിഴ : 149758 x 3% = ₹4493

3. പ്രോജക്ട് നമ്പർ : 147/18-19- ചാലിപ്പയങ്ങൂൽ ഞാറലാട്ട് റോഡ് റീടാറിംഗ്

കരാർ തുക : ₹119710

കരാറുകാരൻ : ശ്രീ.പി.വി.കൃഷ്ണൻ

കരാർ നം/തീയതി : No.23/AE/LSGD/TGP/07/17-18 dtd 06-12-2017

എം . ബുക്ക് : 23/17-18

പ്രവൃത്തി പൂർത്തീകരണ സമയം : 4 മാസം (As per Agreement Register)

പ്രവൃത്തി പൂർത്തീകരണ തീയതി : 05-04-2018

പ്രവൃത്തി പൂർത്തീകരിച്ച തീയതി : 18-05-2018

കാലതാമസം : 1മാസം 14ദിവസം

ഈടാക്കേണ്ട പിഴ : 119710 x 3% = 3591

ഓഡിറ്റ് അന്വേഷണം നം. 48/2018-19 തീയതി 26-02-2020 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴയിനത്തിലുള്ള ₹ 17224 (9140+4493+3591) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-35 ഇ ടെണ്ടർ ഫീ - പഞ്ചായത്തിന് ലഭിക്കുന്നില്ല.

ഇ' ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ കരാറുകാർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ഓൺലൈനായി അടവാക്കുകയാണ് ചെയ്യുന്നത്. എന്നാൽ 'ഇ' ടെണ്ടർ ഫീ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അടവ് വരേണ്ടതാണ്. 2018-19 വർഷത്തിൽ തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ ₹16816 ലഭിക്കാനുണ്ട്. ഈ തുക ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-36 നിർമാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ്ജ് കുറവ് ചെയ്തിട്ടില്ല

മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയ തുകയുടെ ഒരു ശതമാനം തുക പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി കേരള നിർമാണ തൊഴിലാളി ക്ഷേമനിധിയിലേക്ക് അടവാക്കിവരുന്നുണ്ട്. 1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേർസ് വെൽഫയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം കളക്ഷൻ ചാർജ്ജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഈ ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഈടാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് അർഹമായ വിഹിതം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-37 വാഴകൃഷി വികസനം - പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ -ചെലവ് തുക ₹3,20,000 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

| | |
|---|---|
| പ്രോജക്ട് | : 82/19- വാഴകൃഷി വികസനം |
| അടങ്കൽ | : ₹3,20,000 |
| ചെലവ് | : ₹3,20,000 – ബിൽ നം. 01/2018-19 dtd 09-10-2018 |

ഇടവിള കൃഷി വ്യാപനത്തിലൂടെ 10 ഹെക്ടർ സ്ഥലത്തെ കാർഷിക ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് 16,000 വാഴക്കന്നുകൾ 100 ശതമാനം സബ്സിഡിയിൽ 800 ഗുണഭോക്താക്കൾക്ക് 20 വീതം വാഴക്കന്നുകൾ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ആയതിന് മുണ്ടേരി അഗ്രോ സർവീസ് സെന്ററിൽ നിന്ന് (ഇൻവോയ്സ് നം. 89/11-09-2018) ₹20നിരക്കിൽ 8000 പൂവൻ വാഴക്കന്നുകളും 8000 നേന്ത്രവാഴക്കന്നുകളും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1). 800 ഗുണഭോക്താക്കൾക്ക് 20 വീതം വാഴക്കന്നുകൾ വിതരണം ചെയ്യുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ 316 പേർക്ക് 50 വീതവും 8 പേർക്ക് 25 വീതവും കന്നുകളാണ് നൽകിയിട്ടുള്ളത്.

2). സ്ഥല വിസ്തൃതി പരിഗണിക്കാതെയാണ് വാഴക്കന്നുകൾ അനുവദിച്ചിട്ടുള്ളത്. അപേക്ഷ പ്രകാരം 5 സെന്റ്, 10 സെന്റ് മാത്രം ഉള്ളവർക്കും 50 വാഴക്കന്ന് വീതം നൽകിയിട്ടുണ്ട്. ഇവരുടെ സ്ഥലത്തിന്റെ അളവ് തെളിയിക്കുന്ന രേഖകൾ , ലഭ്യമാക്കിയിട്ടില്ല..

3). അപേക്ഷകൾ പലതും അപൂർണ്ണമാണ്. അപേക്ഷകൾ കൃത്യമായി പൂരിപ്പിക്കുകയോ, അനുബന്ധരേഖകൾ ചേർക്കുകയോ ചെയ്തിട്ടില്ല.

4). മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ടില്ല. പ്രോജക്റ്റുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ പദ്ധതി തൃപ്തികരമായി പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തിയതിന്റെ രേഖകളാണ് സൂക്ഷിച്ചിരിക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.42/2018-19 തീയതി ) മറുപടിയിൽ 800 കർഷകർക്ക് 20 വീതം വാഴക്കന്നുകൾ നൽകുന്നതിനാണ് പ്രോജക്റ്റ് വിഭാവനം ചെയ്തത് . എന്നാൽ അർഹരായ ഗുണഭോക്താക്കൾ 324 പേർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആയതിനാൽ ഒരാൾക്ക് പരമാവധി 50 എണ്ണം വരെ നൽകുകയായിരുന്നു എന്നും സ്വന്തമായും പാട്ടത്തിനും ഭൂമിയുള്ളവരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ടെന്നും കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ പരിധി കണക്കിലെടുത്താണ് വാഴക്കന്നുകൾ നൽകിയത് എന്നും മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിക്കുന്നു എന്നുമാണ് അറിയിച്ചത്.

സ.ഉ(കൈ)നം 22/2018തസ്വഭവ.തീയതി 14-02-2018 ഖണ്ഡിക 6.1.4 ലെ മാനദണ്ഡത്തിന്റെ കുറിപ്പ് പ്രകാരം പാട്ടക്കൃഷി ചെയ്യുന്നതിന് സ്ഥലമുടമ നൽകിയിട്ടുള്ള സമ്മതപത്രം, കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിനുള്ള രേഖകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പുതുതായി മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി ലഭ്യമാക്കുകയാണ് ചെയ്തത്. ആയതിൽ ഗുണമേന്മയുള്ള വാഴതൈകൾ വിതരണം ചെയ്തതായി സാക്ഷ്യപ്പെടുത്തുന്നു എന്ന് മാത്രമാണ് കാണിച്ചിട്ടുള്ളത്. പ്രോജക്റ്റ് നടപ്പിലാക്കിയതിന്റെ ഭൗതിക നേട്ട കോട്ടങ്ങൾ വിലയിരുത്തിയിട്ടില്ല. കൂടാതെ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ വാഴക്കന്ന് വിതരണം ചെയ്യാതെ അടങ്കൽ വെച്ച മുഴുവൻ തുകയ്ക്കും കന്ന് വാങ്ങി വിതരണം ചെയ്യുകയുമുണ്ടായി. ആയതിനാൽ അപേക്ഷകളുടെയും അർഹത തെളിയിക്കുന്ന അനുബന്ധരേഖകളുടെയും അഭാവത്തിൽ ചെലവ് തുക ₹3,20,000 തടസ്സപ്പെടുത്തുന്നു.

# 1-38 വയൽ കൃഷി വികസകനം -പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചെലവ് തുക ₹1,80,000 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് : 83/19-വയൽ കൃഷി വികസനം

അടങ്കൽ : ₹1,80,000

ചെലവ് : ₹1,10,600 - ബിൽ നം. 08/2018-19 dtd 24-01-2019

: ₹63,000 - ബിൽ നം. 14/2018-19 dtd 23-03-2019

: ₹6,400 ബിൽ നം. 16/2018-19 dtd 23-03-2019

: ₹1,80,000

പാടശേഖര സമിതി വഴി വ്യക്തിഗത കർഷകർക്ക് നെല്ല്, പയർ എന്നീ വിത്തുകൾ സൗജന്യമായി വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. ഇതു പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്നും 2150kg നെൽ വിത്ത്, 533.4kg പയർ വിത്ത് എന്നിവ വാങ്ങി 34 കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. സ.ഉ(കൈ)നം 22/2018തസ്വഭവ.തീയതി 14-02-2018 ഖണ്ഡിക 6.1.4 ലെ മാനദണ്ഡ പ്രകാരം സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. എന്നാൽ കർഷകരുടെ കൈവശമുള്ള ഭൂമി സംബന്ധിച്ച വിവരങ്ങളോ അപേക്ഷയോ, പ്രോജക്ടിന്റെ മോണിറ്ററിംഗ് റിപ്പോർട്ടോ ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 43/2018-19 നുള്ള മറുപടിയിൽ വയൽകൃഷി വികസനപദ്ധതിയിൽ നെൽവിത്ത്, പയർ വിത്ത് എന്നിവ നെൽവയലിൽ സ്വന്തമായോ പാട്ടത്തിനോ കൃഷി ചെയ്യുന്ന കർഷകരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട് . സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിൽ തന്നെയാണ് വിത്തുകൾ വിതരണം ചെയ്തിട്ടുള്ളത് എന്നുമാണ്. കൂടാതെ തുക ചെലവഴിച്ചതിന്റെ വിവരം കാണിക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടുണ്ട്.

പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത് പാടശേഖരസമിതി വഴി വ്യക്തിഗത കർഷകർക്ക് നൽകുന്നതിനാണ്. പാടശേഖരസമിതിയിലെ അംഗങ്ങൾ സ്വന്തമായി ഭൂമിയുള്ളവരായിരിക്കും പിന്നെ പാട്ടകൃഷിക്കാർക്കും വിത്ത് നൽകി എന്ന മറുപടി അംഗീകരിക്കുന്നില്ല. കൂടാതെ പ്രോജക്ട് മോണിറ്ററിംഗ് ഫലപ്രദമല്ല. പ്രോജക്ടിന്റെ നേട്ടകോട്ടങ്ങൾ മോണിറ്ററിങ്ങ് കമ്മിറ്റി വിലയിരുത്തിയിട്ടില്ല. സ.ഉ(കൈ)നം 22/2018തസ്വഭവ.തീയതി 14-02-2018 ഖണ്ഡിക 6.1.4 ലെ മാനദണ്ഡത്തിന്റെ കുറിപ്പ് പ്രകാരം പാട്ടകൃഷി ചെയ്യുന്നതിന് സ്ഥലമുടമ നൽകിയിട്ടുള്ള സമ്മതപത്രം, കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്, സ്ഥലവിസ്തൃതി തെളിയിക്കുന്നതിന് കരം ഒടുക്കിയ രശീതി എന്നിവ ലഭ്യമാക്കിയിട്ടില്ല. ആയിതിനാൽ മറുപടി തൃപ്തികരമല്ല. ചെലവ് തുക ₹1,80,000 തടസ്സപ്പെടുത്തുന്നു.

## 1-39 .പച്ചക്കറി വികസനം (വനിത) -പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ-ചെലവ് തുക

# ₹4,00,000 തടസ്സപ്പെടുത്തുന്നു

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് : 90/19 – പച്ചക്കറി വികസനം(വനിത)

അടങ്കൽ : ₹4,00,000 വികസന ഫണ്ട്

ചെലവ് : ₹2,58,010 - ബിൽ നം. 11/2018-19 dtd 18-03-2019

: ₹141,990 - ബിൽ നം. 14/2018-19 dtd 19-03-2019

ആകെ : ₹4,00,000

40 ഗ്രൂപ്പുൾക്ക് 3000 പച്ചക്കറി തൈ ₹3 പ്രകാരവും ഹൈബ്രിഡ് പച്ചക്കറി വിത്തുകൾ ₹1000 / പേക്കറ്റ് 100% സബ്സിഡിയോടെ നൽകുന്നതിന് വനിത ഘടക പദ്ധതിയിൽ തയ്യാറാക്കിയ പ്രോജക്ടാണിത്. ഇതിന് ആവശ്യമായ തൈകൾ, വിത്തുകൾ എന്നിവ വിവിധ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയിട്ടുണ്ട്. പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1) 40 ഗ്രൂപ്പുകൾക്ക് 3000 പച്ചക്കറി തൈ,₹1000ഹൈബ്രിഡ് പച്ചക്കറി വിത്തുകൾ എന്നിവ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. എന്നാൽ 40 കുടുംബശ്രീകൾക്ക് 4000 വീതം തൈകളും ,₹1000 യുടെ പച്ചക്കറി വിത്തുകളും വിതരണം ചെയ്തതിന്റെ രേഖകളാണ് ലഭ്യമാക്കിയത്.

2). വിവിധ ബീല്ലുകൾ പ്രകാരം 163640 തൈകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 1,60,091 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ.

3). ഗ്രൂപ്പുകളല്ല അപേക്ഷകൾ നൽകിയിട്ടുള്ളത് . അപേക്ഷകൾ കൃത്യമായി പൂരിപ്പിക്കുകയോ, അനുബന്ധരേഖകൾ ചേർക്കുകയോ ചെയ്തിട്ടില്ല. സ്ഥല വിസ്തൃതി പരിഗണിക്കാതെയാണ് തൈകൾ, വിത്തുകൾ അനുവദിച്ചിട്ടുള്ളത്.

4). മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടില്ല.

5). മുഴുവൻ വിത്തുകളും സ്റ്റോക്കിലെടുത്തിട്ടില്ല. ഇൻവോയ്സ് നം. 3535 dtd 9-05-2018 പ്രകാരം വയനാട് ജില്ലാ ഫ്രൂട്സ് &വെജിറ്റബിൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും ₹9600 വാങ്ങിയ വിത്തിന്റെ സ്റ്റോക്ക് വിവരമില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ(നം 44/2018-19)ത്തിനുള്ള മറുപടിയിൽ താഴെ പറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കുകയുണ്ടായി. “40 വനിതാ ഗ്രൂപ്പുൾക്ക് 3000 പച്ചക്കറി തൈകളും ₹1000 വിലവരുന്ന പച്ചക്കറി വിത്ത് കിറ്റ് ആണ് വിഭാവനം ചെയ്തത്. തൈകൾക്ക് ₹3 ആയിരുന്നു വില നിശ്ചയിച്ചിരുന്നത്. എന്നാൽ അഗ്രോ സർവീസ് സെന്റർ വഴി പ്രാദേശികമായി ഉല്പാദിപ്പിച്ച് വിതരണം ചെ്തതിനാൽ ₹2.2 മാത്രമേ ഒരു തൈക്ക് ചെലവായിട്ടുള്ളൂ. മിച്ചം വന്ന തുകയ്ക്ക് കൂടുതൽ തൈകൾ വിതരണം ചെയ്യാൻ തീരുമാനിക്കുകയായിരുന്നു. തൈകൾ മുഴുവൻ വിതരണം ചെയ്തിട്ടുണ്ട്. രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വിട്ടുപോയതാണ്. ഈ ന്യൂനത

പരിഹരിച്ചിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങളുടെ ഗ്രൂപ്പുണ്ടാക്കി ഗ്രൂപ്പ് ലീഡറാണ് അപേക്ഷ നൽകിയത്. ഓരോ ഗ്രൂപ്പും ഒരു ഏക്കറിൽ കൂടുതൽ സ്ഥലത്ത് കൃഷിചെയ്തിട്ടുണ്ട്. മുഴുവൻ വിത്തുകളും സ്റ്റോക്കിലെടുത്തിട്ടുണ്ട്". എന്നാൽ മറുപടിയിൽ അറിയിച്ച കാര്യങ്ങൾക്ക് ആധാരമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. കൂടാതെ വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയ മോണിറ്ററിങ്ങ് റിപ്പോർട്ടാണ് ഹാജരാക്കിയിട്ടുള്ളത്.

സ.ഉ(കൈ)നം. 22/2018തസ്വഭവ. തീയതി 14-02-2018 ഖണ്ഡിക 6.1.4 പ്രകാരം നാമമാത്ര/ ചെറുകിട കർഷകർ, പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ, വ്യക്തികൾ, പുരുഷ സ്വയംസഹായ സംഘങ്ങൾ, തരിശ് ഭൂമി കൃഷിക്കാർ എന്നിവർക്കും നൽകാവുന്നതാണ്. 6.1 ന്റെ കുറിപ്പിൽ പാട്ടകൃഷി ചെയ്യുന്നതിന് സ്ഥലമുടമ നൽകിയിട്ടുള്ള സമ്മതപത്രം, കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അപേക്ഷകളും അർഹത തെളിയിക്കുന്നതിന് അനുബന്ധരേഖകളും ലഭ്യമാക്കിയിട്ടില്ല. കൂടാതെ പദ്ധതിയിൽ വിഭാവനം ചെയ്തതിൽ കൂടുതൽ തൈകൾ വാങ്ങി വിതരണം ചെയ്തിട്ടുമുണ്ട്. വാങ്ങാൻ നിശ്ചയിച്ച തൈകളുടെ വില കുറയുമ്പോൾ തുക മുഴുവൻ ചെലവഴിക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതിയിൽ ലക്ഷ്യമിടാത്ത തൈകൾ വാങ്ങി തുക ചെലവഴിക്കുന്നത് ദുർവ്യയമായേ വിലയിരുത്താൻ പറ്റൂ. ഇത്തരം അപാകങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക ₹4,00,000തടസ്സപ്പെടുത്തുന്നു.

## 1-40 കുടുംബശ്രീ യൂണിറ്റുകൾക്ക് ബ്രഷ് കട്ടർ നൽകൽ - പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ - ചെവല് തുക ₹4,40,000 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

| | |
|---|---|
| പ്രോജക്ട് | : 88/19 - കുടുംബശ്രീ യൂണിറ്റുകൾക്ക് ബ്രഷ് കട്ടർ |
| അടങ്കൽ | : ₹4,40,000 |
| ചെലവ് | : ₹1,60,000 - ബിൽ നം. 03/2018-19 dtd 30-10-2018 |
| | : ₹1,00,000 - ബിൽ നം. 06/2018-19 dtd 26-12-2018 |
| | : ₹1,40,000 - ബിൽ നം. 10/2018-19 dtd 11-03-2019 |
| | : ₹40,000 - ബിൽ നം. 12/2018-19 dtd 16-03-2019 |
| ആകെ | : ₹4,40,000 |

പ്രോജക്ട് പ്രകാരം 20 കുടുംബശ്രീ യൂണിറ്റുകൾക്ക് ₹25000 ന്റെ ബ്രഷ് കട്ടർ വാങ്ങി നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയതിന് ₹4,40,000 വികസന ഫണ്ടും ₹60,000 ഗുണഭോക്തൃവിഹിതവുമാണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ 22 കുടുംബശ്രീകൾക്ക്

₹25200 ന്റെ ബ്രഷ് കട്ടറിന് ₹20,000 വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട് . പ്രോജക്ട് നടത്തിപ്പിലെ അപാകങ്ങൾ.

1.സ.ഉ.(കൈ) നം.22/2018 തസ്വഭവ. തീയതി 14-02-2-18 ഖണ്ഡിക6.1.8 ലെ മാനദണ്ഡപ്രകാരം കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപികരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിതാ കർഷക സംഘങ്ങൾക്കാണ് കാർഷിക ഉപകരണങ്ങൾ വാങ്ങി നൽകേണ്ടത്. എന്നാൽ കുടുംബശ്രീകൾക്കാണ് നൽകിയിരിക്കുന്നത്.

2. യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസർക്കും കൈവശാധികാരം സമിതി/ സ്ഥാപനത്തിനുമായിരിക്കും. എന്നാൽ വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ വിവരങ്ങളില്ല. ഗുണഭോക്താക്കൾ നേരിട്ട് വാങ്ങുകയും സബ്സിഡി സ്ഥാപനത്തിന് നൽകുകയുമാണുണ്ടായത്.

3. യന്ത്രങ്ങൾ ശരിയായി സൂക്ഷിക്കുമെന്നും, പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കൂ എന്നും സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നും വ്യവസ്ഥ ചെയ്തുകൊണ്ടുള്ള കരാർ ചമച്ചത് ലഭ്യമാക്കിയിട്ടില്ല.

4. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടില്ല. പ്രോജക്ടിന്റെ കൃത്യമായ വിലയിരുത്തൽ നടത്തുന്നില്ല.

5. സ.ഉ.(കൈ) നം.22/2018 തസ്വഭവ. തീയതി 14-02-2-18 ഖണ്ഡിക6.1.8 ന്റെ കുറിപ്പിലെ ക്രമനമ്പർ 4,5,6 എന്നീ വ്യവസ്ഥകൾ പാലിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.
ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 45/2018-19 ന്റെ മറുപടിയിൽ കുടുംബശ്രീ യൂണിറ്റുകളിലെ സന്നദ്ധരായ വനിതാ തൊഴിലാളികളെ ഉൾപ്പെടുത്തി രൂപീകരിച്ച ഗ്രൂപ്പുകൾക്കാണ് ബ്രഷ് കട്ടർ അനുവദിച്ചത് . ഇവ കൃഷിഭവനിലെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയാണ് വിതരണം ചെയ്തത് എന്നും കരാർ ഉടമ്പടി കൃഷിഭവനിൽ സൂക്ഷിച്ചിട്ടുണ്ട് എന്നും മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിക്കുന്നു എന്നുമാണ്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ടിൽ തുക ചെലവഴിച്ചതിന്റെ വിവരം മാത്രമേയുള്ളൂ. പ്രോജക്ടിന്റെ നേട്ടകോട്ടങ്ങൾ വിലയിരുത്തിയിട്ടില്ല. സബ്സിഡി മാർഗരേഖയിൽ പ്രതിപാദിച്ച പ്രകാരം വനിത കർഷക സംഘങ്ങൾ രജിസ്റ്റർ ചെയ്ത വിവരം ലഭ്യമാക്കിയിട്ടില്ല. കരാർ 8 എണ്ണം മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. . ലഭ്യമാക്കിയതിൽ തന്നെ സബ്സിഡി മാർഗരേഖ പ്രകാരമുള്ള കരാർ ചമച്ചിട്ടില്ല.

<u>കരാർ ലഭ്യമാക്കാത്തവരുടെ വിവരം</u>

| ക്രമ നം | കുടുംബശ്രീയുടെ പേര് |
|---|---|
| 1 | നന്മ കുടുംബശ്രീ |
| 2 | ആൽഫ കുടുംബശ്രീ |
| 3 | ഗ്രാമശ്രീ കുടുംബശ്രീ |
| 4 | ഐശ്വര്യ കുടുംബശ്രീ |
| | |

| | |
|---|---|
| 5 | മഞ്ജരി കുടുംബശ്രീ |
| 6 | പ്രീയദർശിനി കുടുംബശ്രീ |
| 7 | പ്രതീക്ഷ കുടുംബശ്രീ |
| 8 | നിറപറ കുടുംബശ്രീ |
| 9 | വൈറ്റ് & വൈറ്റ് കുടുംബശ്രീ |
| 10 | ഋതുവർണ്ണ കുടുംബശ്രീ |
| 11 | ഒരുമ കുടുംബശ്രീ |
| 12 | മൈലാഞ്ചി കുടുംബശ്രീ |
| 13 | ശ്രീലക്ഷ്മി കുടുംബശ്രീ |
| 14 | ശ്രീകൃഷ്ണ കുടുംബശ്രീ |

മേൽ അപാകങ്ങൾ കാരണവും മറുപടിയിൽ പറഞ്ഞ രേഖകൾ ലഭ്യമാക്കാത്തതിനാലും ചെലവ് തുക ₹4,40,000 തടസ്സപ്പെടുത്തുന്നു.

## 1-41 പാടശേഖര സമിതികൾക്ക് ടില്ലർ -പ്രോജക്ട് നിർവഹണത്തിലെ അപാകങ്ങൾ ചെലവ് തുക ₹1,86,165 തടസ്സപ്പെടുത്തുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : കൃഷി ഓഫീസർ

പ്രോജക്ട് : 89/19 - പാടശേഖര സമിതികൾക്ക് ടില്ലർ

അടങ്കൽ : ₹2,00,000 വികസന ഫണ്ട്

: ₹25,000 -ഗുണഭോക്തൃ വിഹിതം നേരിട്ട്

ആകെ : ₹2,25,000

ചെലവ് : ₹1,86,165 - ബിൽ നം. 09/2018-19 dtd 11-03-2019

റെയ്ഡ്കോവിൽ നിന്ന് കടവത്തൂർ പാടശേഖര സമിതിക്ക് പവർ ടില്ലർ വിതരണം ചെയ്ത ഇനത്തിൽ (നം KPBA/1920/2018-19 dtd 06-02-2019) സബ്സിഡി തുകയായി ₹1,86,165 അനുവദിച്ചിട്ടുണ്ട്. എന്നാൽ പാടശേഖരസമിതി രജിസ്റ്റർ ചെയ്ത വിവരം, യന്ത്രം സ്റ്റോക്കിലെടുത്ത വിവരം, നിർവഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാർ എന്നിവ ലഭ്യമാക്കിയിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.46/2018-19 ) മറുപടിയിൽ ടില്ലർ കൃഷിഭവൻ സ്റ്റോക്ക് രജിസ്റ്ററിൽ വകയിരുത്തി കയവത്തൂർ പാടശേഖരസമിതിക്ക് നൽകിയിട്ടുണ്ട് എന്നും പാടശേഖരസമിതിയുമായി കരാർ ഉടമ്പടിയുണ്ടാക്കിയിട്ടുണ്ട് എന്നും മോണിറ്ററിംഗ് റിപ്പോർട്ട് സമർപ്പിക്കുന്നു എന്നുമാണ്. 2015 ൽ പാടശേഖരസമിതി

സൊസൈറ്റീസ് നിയമ പ്രകാം രജിസ്റ്റർ ചെയ്യുന്നതിന് തയ്യാറാക്കിയ അപേക്ഷയും കരാറും മോണിറ്ററമിംഗ് റിപ്പോർട്ടും ലഭ്യമാക്കി. മോണിറ്ററിംഗ് റിപ്പോർട്ടിൽ തുക ചെലവഴിച്ചതിന്റെ വിവരം മാത്രമേയുള്ളൂ. കൂടാതെ നിലവിൽ സമിതിക്ക് രജിസ്ട്രേഷൻ ഉണ്ടോ എന്നുള്ള വിവരങ്ങൾ ഒന്നും ലഭ്യമാക്കിയിട്ടില്ല. കൂടാതെ സ.ഉ.(കൈ) നം.22/2018 തസ്വഭവ. തീയതി 14-02-2-18 ഖണ്ഡിക 6.1.8 ന്റെ കുറിപ്പിലെ ക്രമനമ്പർ 4,5,6 എന്നീ വ്യവസ്ഥകൾ പാലിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് തുക ₹1,86,165 തടസ്സപ്പെടുത്തുന്നു.

# 1-42 നിർവഹണ ഉദ്യോഗസ്ഥർ ആവശ്യമായ രജിസ്റ്ററുകൾ / രേഖകൾ സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

സ.ഉ(പി) 177/2006 ധനം . തീയതി 12-04-2006 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ TR 7 A ക്യാഷ് ബുക്ക്, പ്രോജക്ട് രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ എന്നിവ സൂക്ഷിക്കണം. ആയതിന്റെ മാതൃക അനുബന്ധത്തിൽ നൽകിയിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥർ പല രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല.വിശദ വിവരം ചുവടെ

<table>
<tr><th rowspan="2">ക്രമ നം</th><th rowspan="2">നിർവഹണ ഉദ്യോഗസ്ഥൻ</th><th colspan="3">രജിസ്റ്ററുടെ സൂക്ഷിപ്പ്</th><th rowspan="2">കുറിപ്പ്</th></tr>
<tr><th>ക്യാഷ് ബുക്ക്</th><th>പ്രോജക്ട് രജിസ്റ്റർ</th><th>സബ്സിഡിയറി രജിസ്ററർ</th></tr>
<tr><td>1</td><td>വി.ഇ.ഒ,തൃപ്രങ്ങോട്ടൂർ</td><td rowspan="2">ഉണ്ട്</td><td rowspan="2">ഉണ്ട്</td><td>ഉണ്ട്</td><td rowspan="2">ഒരു ക്യാഷ് ബുക്ക് രണ്ട് ഭാഗമാക്കി നിർവഹണ ഉദ്യോഗസ്ഥർ രേഖപ്പെടുത്തലുകൾ നടത്തുന്നു. പേജ് നമ്പർ ചേർത്ത് സാക്ഷ്യപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തലുകൾ സാക്ഷ്യപ്പെടുത്തുന്നില്ല.<br>രണ്ടു നിർവഹണ ഉദ്യോഗസ്ഥരും ഒറ്റ പ്രോജക്ട് രജിസ്റ്ററാണ് സൂക്ഷിച്ചുവരുന്നത്.</td></tr>
<tr><td>2</td><td>വി.ഇ.ഒ,പോയിലൂർ</td><td>ഇല്ല</td></tr>
<tr><td>3</td><td>ഹെഡ് മാസ്റ്റർ</td><td>ഉണ്ട്</td><td>ഉണ്ട്</td><td>ഇല്ല</td><td>TR 7 A ക്യാഷ് ബുക്ക് പഞ്ചായത്തിന് വേണ്ടി പ്രത്യേകം സൂക്ഷിക്കുന്നു.</td></tr>
</table>

| | | | | | |
|---|---|---|---|---|---|
| | | | | | മെയിൻ ക്യാഷ് ബുക്കിൽ വരവ് ചെലവ് രേഖപ്പെടുത്തുന്നില്ല. |
| 4 | വെറ്ററിനറി സർജൻ | ഉണ്ട് | ഇല്ല | ഇല്ല | --- |
| 5 | അസിസ്റ്റ് സെക്രട്ടറി | ഹാജരാക്കിയില്ല | ഉണ്ട് | ഉണ്ട് | സബ്സിഡിയറി രജിസ്റ്ററിൽ ബിൽ ബുക്ക് പ്രാകാരം മാറിയ തുകയുടെ വിവരം മാത്രമേ ചേർക്കുന്നുള്ളൂ |
| 6 | കൃഷി ഓഫീസർ | ഹാജരാക്കിയില്ല | ഉണ്ട് | ഇല്ല | --- |
| 7 | അസിസ്റ്റന്റ് എഞ്ചിനീയർ | ഭാഗികം | ഉണ്ട് | ഇല്ല | കേഷ് ബുക്ക് മുഴുവനും ലഭ്യമാക്കിയിട്ടില്ല. ലഭ്യമാക്കിയ കേഷ് ബുക്ക് ആരും തന്നെ സാക്ഷ്യപ്പെടുത്തുകയോ ആധികാരികമാക്കുകയോ ചെയ്തിട്ടില്ല. |
| 8 | ഐ.സി.ഡി.എസ് . സൂപ്പർ വൈസർ | ഉണ്ട് | ഉണ്ട് | ഇല്ല | -- |
| 9 | മെഡിക്കൽ ഓഫിസർ പി.എച്ച്. സി | ഉണ്ട് | ഉണ്ട് | ഇല്ല | -- |
| 10 | മെഡിക്കൽ ഓഫീസർ, ആയുർവേദ | ഉണ്ട് | ഉണ്ട് | ഇല്ല | -- |
| 11 | മെഡിക്കൽ ഓഫീസർ, ഹോമിയോ | ഉണ്ട് | ഉണ്ട് | ഇല്ല | |

ഇവ കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ സൂക്ഷിക്കേണ്ട രജിസ്റ്റർ/രേഖകളായ റോഡ് രജിസ്റ്റർ, പെർഫോമൻസ് ഗ്യാരന്റി രജിസ്റ്റർ, തുടങ്ങിയ രജിസ്റ്ററുകളും സെലക്ഷൻ നോട്ടീസ് , സൈറ്റ് കൈമാറുന്ന രേഖകൾ, പ്രവൃത്തി പൂർത്തീകരണ പത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ സൂക്ഷിക്കുകയോ കരാറിൽ പൂർത്തീകരണ കാലാവധി ചേർക്കുകയോ ചെയ്തിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ ഏതൊക്കെ രജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന് 2006 ൽ തന്നെ സർക്കാർ നിർദ്ദേശം നൽകിയിട്ടും ഇവ കൃത്യമായി സൂക്ഷിക്കാത്തത് നിർവഹണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമായി കാണേണ്ടതാണ്. ഭരണസമിതി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-43 ഇലക്ട്രോണിക് ഉപകരണങ്ങളുടെ വാങ്ങൽ- നടപടിക്രമങ്ങളുടെ ലംഘനം

പ്രോജക്റ്റ് നം.164/2019 പ്രകാരം ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ ഉപയോഗത്തിനായി യു.പി.എസ്.ഉം ബാറ്ററിയും ജി.രാമാനുജം ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് ലേബർ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി കൊല്ലം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്(ചെലവു തുക-117000/-). പ്രോജക്റ്റ് നം.26/19 പ്രകാരം ഘടക സ്ഥാപനങ്ങൾക്കായി കമ്പ്യൂട്ടറും പ്രിന്ററും ഇതേ സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. (ചെലവു തുക-62276/-). റീ ടെണ്ടറിലും മറ്റ് ടെണ്ടറുകളൊന്നും ലഭിക്കാത്ത സാഹചര്യത്തിൽ ഈ സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയായിരുന്നു. ഇലക്ട്രോണിക് സാധനങ്ങൾ വാങ്ങുന്നതിന് മുമ്പ് വാങ്ങാനുദ്ദേശിക്കുന്ന സാധനത്തിനെ സ്പെസിഫിക്കേഷൻ പൊതുമരാമത്ത് വകുപ്പ് ഇലക്ട്രോണിക്സ് വിഭാഗത്തിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനിൽ നിന്നും ലഭ്യമാക്കണം എന്ന വ്യവസ്ഥ പാലിച്ചു കാണുന്നില്ല . സപ്ലൈ ചെയ്ത സാധനങ്ങൾ നിശ്ചിത സ്പെസിഫിക്കേഷൻ പ്രകാരം ഉള്ളതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. ഇപ്രകാരമുള്ള പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റാണ്. കൂടാതെ സ.ഉ(എം.എസ്)നം.24/2017/ITD തീയതി 18.11.2017 ഉത്തരവ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഓൺലൈൻ സർക്കാർ പോർട്ടൽ സംവിധാനത്തിലൂടെയല്ലാതെ ഐ.ടി. ഉപകരണങ്ങൾ വാങ്ങുവാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇലക്ട്രോണിക് സാധനങ്ങളുടെ വാങ്ങലുകൾ നടത്തുമ്പോൾ മേൽപറഞ്ഞ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്, ഓഫീസിലെ നിലവിലുള്ള യു.പി.എസ്. പ്രവർത്തനരഹിതമായതിനാലും അടിയന്തിരമായി പകരം സംവിധാനം ഏർപ്പെടുത്തേണ്ടി വന്നതിനാലുമാണ് ഇപ്രകാരം ചെയ്യേണ്ടിവന്നത് എന്ന് അറിയിക്കുകയുണ്ടായി.

ഐ.എസ്.ഒ.തുടർപ്രവർത്തനങ്ങൾ(നം.1162/2019)___എന്ന പ്രോജക്റ്റ് പ്രകാരം ഇൻവേഡ് എംബഡഡ് ടെക്നോളജീസ് എന്ന സ്ഥാപനത്തിൽ നിന്ന് ഫ്രണ്ട് ഓഫീസ് ഉപയോഗത്തിനായി വോയ്സ് റിക്കോർഡർ, ടോക്കൺ പ്രിന്റർ, എൽ.ഇ.ഡി.ഡിസ് പ്ളേ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിച്ച് സാക്ഷ്യപത്രം നൽകാനാവശ്യപ്പെട്ടുകൊണ്ട് PWD ഇലക്ട്രോണ്ക്സ് വിഭാഗത്തിന് 12.03.2019 കത്ത് നൽകിയിട്ടുണ്ടെങ്കിലും ആയത് ഇതുവരെ ലഭ്യമായിട്ടില്ല.

ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നതിലുള്ള വീഴ്ച കർശനമായും ഒഴിവാക്കേണ്ടതാണ്.

## 1-44 തെരുവു വിളക്കുകൾ,പൊതു ടാപ്പുകൾ ഇവ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിലെ തെരുവ് ടാപ്പുകളുടെയും തെരുവുവിളക്കുകളുടെയും പ്രവർത്തനക്ഷമത സംബന്ധിച്ച സംയുക്ത പരിശോധന നടത്തുന്നതിന് അനുയോജ്യമായ തീയതി അറിയിച്ച തരണമെന്നാവശ്യപ്പെട്ട് കൊണ്ട് KWA, KSEB അധികൃതർക്ക് കത്ത് നൽകാൻ ഭരണസമിതിയുടെ 30/8/2018ലെ യോഗം സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (തീരുമാനം നം.100, 103). ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുള്ള സംയുക്ത പരിശോധന നടന്നു വരുന്നുണ്ട് എന്നും ഇതുവരെ പൂർത്തിയായിട്ടില്ല എന്നും അന്വേഷണത്തിനുള്ള മറുപടിയായി ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. ആയത് എത്രയും വേഗം പൂർത്തീകരിക്കേണ്ടതും പ്രവർത്തനക്ഷമമായ വിളക്കുകൾക്കു മാത്രമേ ചാർജ് ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

തെരുവ് ടാപ്പുകളുടെ പ്രവർത്തനക്ഷമത സംബന്ധിച്ച് ജല അതോറിറ്റി അധികൃതരുമായി ചേർന്നുള്ള സംയുക്ത പരിശോധന 23.10.2018 ന് നടത്തിയതായി അറിയിച്ചിട്ടുണ്ട്. കെ.ഡബ്ള്യു.എ. യുടെ 2.03.2019 ലെ 32773 നം. ഡിമാന്റ് നോട്ടീസ് പ്രകാരം 2019 ഫെബ്രുവരി മാസത്തെ വെള്ളക്കരം 5688 രൂപയോടൊപ്പം 28.02.2019 വരെയുള്ള കുടിശ്ശികയായി 104892 രൂപയും പിഴയായി 2057 രൂപയും അടക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത 7 തെരുവ് ടാപ്പുകളുടെ വെള്ളക്കരം ഒടുക്കാതിരുന്നത് കൊണ്ടാണ് ഇപ്രകാരം ബില്ലിൽ കുടിശ്ശികയായി തുക കാണിച്ചിട്ടുള്ളത് എന്നാണ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. കുടിശ്ശിക ഒഴിവാക്കിക്കിട്ടാനാവശ്യമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

| |
|---|
| ഭാഗം 2 |
| വരവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല |
| ഭാഗം 3 |
| ചെലവ് കണക്കിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല |

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ സാക്ഷ്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരങ്ങൾ

| വർഷം | സർട്ടിഫിക്കേഷന് | സർട്ടിഫിക്കറ്റ് നമ്പർ/ |
|---|---|---|

| | കണക്കുകൾ പരിശോധിച്ച തീയതി | തീയതി |
|---|---|---|
| 2018-19 | 19.07.2019 & 20.07.2019 | കെ.എസ്.എ./ കെ.എൻ.ആർ./സി.8/1305 /2019. തീയ്യതി:.16.08.2019 |

# 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടുകളുടെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 102724 | | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് 2017-18-പ്രോജക്ട് റീഫണ്ട്-46100, നെൽകൃഷി കൂലിചെലവ്-(റീഫണ്ട്)-14/- പച്ചക്കറികൃഷി-കൂലിച്ചെലവ്(റീഫണ്ട്)-56610 | 102724 | 0 |
| | | 1841538 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) പ്രോ.നം.02/19 | 1840000 | 1538 |
| | | 64375 | ലൈഫ് ഭവന നിർമ്മാണം (ടി.എസ്.പി) | 0 | 64375 |
| | 0 | 162500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പ്രൊ.നം.06/2019 | 162500 | 0 |
| | 0 | 31185 | പാലുൽപാദകർക്ക് സബ്സിഡി പ്രോ.നം.114/2019 | 30941 | 244 |
| ആകെ | 102724 | 2099598 | | 2136165 | 66157 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 79575 | | | | 79575 |
| | | 919220 | ലൈഫ് ഭവന നിർമ്മാണം(ജനറൽ)പ്രോ.നം.02/19 | 904600 | 14620 |

| | | | | | |
|---|---|---|---|---|---|
| | | 162500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പ്രൊ.നം.06/2019 | 162500 | 0 |
| | | 31185 | പാലുൽപാദകർക്ക് സബ്സിഡി-പ്രോ.നം.114/2019 | 30941 | 244 |
| | | 210000 | സോളാർ ഫെൻസിങ്ങ് | 0 | 210000 |
| | | 100000 | പ്രോ.നം.170/2019 | 100000 | 0 |
| ആകെ | 79575 | 1422905 | | 1198041 | 304439 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

# 4-5 വായ്പ/വായ്പ തിരിച്ചടവ്

| ക്രമ നം. | വായ്പ അനുവദിച്ച സ്ഥാപനം/വായ്പയുടെ ഉദ്ദേശ്യം | വായ്പാതുക | മുൻബാക്കി | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാന ബാക്കി |
|---|---|---|---|---|---|
| 1 | കെ.യു.ആർ.ഡി.എഫ്.സി/ ലൈഫ് മിഷൻ | 7881307 | ഇല്ല | ഇല്ല | 7881307 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷം | 2018-19 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 1488046 |
| തൻവർഷം നിക്ഷേപിച്ച തുക | 123778 |
| ആകെ | 1611824 |
| തന്നാണ്ടിൽ പിൻവലിച്ചതുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1611824 |

നിലവിലുള്ള സ്ഥിര നിക്ഷേപത്തിന്റെ വിവരങ്ങൾ

| ക്രമ നമ്പർ | സ്ഥിരനിക്ഷേപത്തിന്റെ വിവരങ്ങൾ | തുക |
|---|---|---|
| | | |

| | | |
|---|---|---|
| 1 | സ്ഥിരനിക്ഷേപം | 215274 |
| 2 | സ്ഥിരനിക്ഷേപം | 224744 |
| 3 | സ്ഥിരനിക്ഷേപം | 1171806 |

# 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻവർഷം ലിച്ച 57466/- രൂപയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രശീതി നമ്പർ |
|---|---|---|---|---|
| 2016-17 | 3-15 (2) | 2746 | അമ്മദ് മാസ്റ്റർ | 1180101000 തീ.22.06.2018 |
| | 2017-18 ഓഡിറ്റ് വേളയിൽ ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ | 1500 | സെക്രട്ടറി, പൊയിലൂർ സർവീസ് സഹകരണ ബാങ്ക് | 118010108601/16.03.2019 |
| | --------ടി--------- | 1500 | ----------ടി-------- | 118010108602/16.03.2019 |
| | ആകെ | 5746 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ സംബന്ധിച്ച വിവരങ്ങൾ

ഇല്ല

# 4-9 ചാർജ്/സർചാർജ് നടപടികൾ സംബന്ധിച്ച വിവരം

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63678935 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57380516 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| | 6000 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15698589 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-33 | 6000 | ഡോ.രേഖ.വി.,വെറ്റിനറി സർജൻ,തൃപ്രങ്ങോട്ടൂർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 196232 | ഡോ.സീനത്ത് കുഞ്ഞമ്മദ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.തൃപ്രങ്ങോട്ടൂർ |
| 1-18 | 185525 | ഡോ.പ്രസീത.സി.ടി. മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.തൃപ്രങ്ങോട്ടൂർ |
| 1-18 | 64084 | ഡോ.റോഷിത്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.തൃപ്രങ്ങോട്ടൂർ |
| 1-21 | 139550 | ചന്ദ്രൻ.ടി.കെ, ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. നരിക്കോട്ട്മല |
| 1-22 | 42550 | ചന്ദ്രൻ.ടി.കെ, ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്. നരിക്കോട്ട്മല |
| 1-24 | 79083 | റഷീദ്.കെ.പി.,വി.ഇ. ഒ.പൊയിലൂർ |
| 1-26 | 2640000 | സന്തോഷ് മമ്മാലി, വി.ഇ.ഒ.തൃപ്രങ്ങോട്ടൂർ |
| 1-26 | 10540000 | ജിദിഷ,ജെ., വി.ഇ.ഒ,തൃപ്രങ്ങോട്ടൂർ |
| 1-27 | 59500 | എം.എ.മോഹനൻ, അസി.സെക്രട്ടറി,തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് |
| 1-30 | 200000 | ഡോ.രേഖ.വി.,വെറ്റിനറി |

| | | |
|---|---|---|
| | | സർജൻ,തൃപ്രങ്ങോട്ടൂർ |
| 1-31 | 25900 | ഡോ.രേഖ.വി.,വെറ്റിനറി സർജൻ,തൃപ്രങ്ങോട്ടൂർ |
| 1-37 | 320000 | പ്രമോദ്.എം.കെ., കൃഷി ഓഫീസർ,തൃപ്രങ്ങോട്ടൂർ |
| 1-38 | 180000 | പ്രമോദ്.എം.കെ., കൃഷി ഓഫീസർ,തൃപ്രങ്ങോട്ടൂർ |
| 1-39 | 400000 | പ്രമോദ്.എം.കെ., കൃഷി ഓഫീസർ,തൃപ്രങ്ങോട്ടൂർ |
| 1-40 | 440000 | പ്രമോദ്.എം.കെ., കൃഷി ഓഫീസർ,തൃപ്രങ്ങോട്ടൂർ |
| 1-41 | 186165 | പ്രമോദ്.എം.കെ., കൃഷി ഓഫീസർ,തൃപ്രങ്ങോട്ടൂർ |
| ആകെ | 1,56,98,589 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ(ഓഡിറ്റ് സമയത്തെ മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.രേഖ.വി.,വെറ്റിനറി സർജൻ,തൃപ്രങ്ങോട്ടൂർ | വെറ്റിനറി സർജൻ, അരൂർ ഗ്രാമപഞ്ചായത്ത് | ആശാട, കറ്റാറ, ചെറുതന, ആലപ്പുഴ |
| ഡോ.സീനത്ത് കുഞ്ഞമ്മദ് മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.തൃപ്രങ്ങോട്ടൂർ | ശൂന്യ വേതന അവധിയിൽ | ക്രസന്റ് ഹൗസ്, കടവത്തൂർ |
| ഡോ.റോഷിത്ത്.എം.പി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.തൃപ്രങ്ങോട്ടൂർ | സി.എച്ച്.സി.പാനൂർ | എം.പി.ഹൗസ്, ഇരിങ്ങണ്ണൂർ,ഉണേരി. |
| ഡോ.പ്രസീത.സി.ടി, മെഡിക്കൽ ഓഫീസർ, | പറമ്പത്ത് ഹൗസ്.,നാരായണ നഗർ, വടകര | ജില്ലാ ആശുപത്രി, വടകര |

| | | |
|---|---|---|
| പി.എച്ച്.സി.തൃപ്രങ്ങോട്ടൂർ | | |
| റഷീദ്.കെ.പി.,വി.ഇ.ഒ.പൊയിലൂർ | വി.ഇ.ഒ. തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത്. | "റിഫ", പെരിങ്ങാടി |
| സന്തോഷ് മമ്മാലി, വി.ഇ.ഒ.തൃപ്രങ്ങോട്ടൂർ | വി.ഇ.ഓ, ചെമ്പിലോട് ഗ്രാമപഞ്ചായത്ത് | "ദാമോദരം",പാച്ചപ്പൊയ്ക, കൂത്തുപറമ്പ്. |
| ജിദിഷ,ജെ., വി.ഇ.ഒ,തൃപ്രങ്ങോട്ടൂർ | ടീച്ചർ,ഗവ.യു.പി.സ്കൂൾ,മൊകേരി | "സിതാര",വീട്ടിപ്പൊയിൽ, പൊയിലൂർ |
| എം.എ.മോഹനൻ, അസി.സെക്രട്ടറി,തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | അസി.സെക്രട്ടറി,തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്ത് | "ശ്രീശിവം",തിരുവങ്ങാട് |
| പ്രമോദ്.എം.കെ., കൃഷി ഓഫീസർ,തൃപ്രങ്ങോട്ടൂർ | അസി.ഡയരക്ടർ ഓഫ് അഗ്രികൾച്ചർ, കാസറഗോഡ് | "ശ്രേയസ്", പൂക്കോട്, തലശ്ശേരി |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-1999 | കെ.എസ്.എ/കെ.എൻ.ആർ/സി.8 /779/2019/28-05-2019 | 01 |
| 1999-2000 (പദ്ധതിയേതരം) | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 01 |
| 1999-20(പദ്ധതി) | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 03 |
| 2001-2002(പദ്ധതി) | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 01 |
| 2002-2003 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 14 |
| 2003-2004 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 17 |
| 2004-2005 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 11 |
| 2005-2006 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 9 |
| | | |

| | | |
|---|---|---|
| 2006-2007 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 9 |
| 2007-2008 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 27 |
| 2008-2009 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 5 |
| 2009-10 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 6 |
| 2010-11,2011-12 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 5 |
| 2012-13 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 10 |
| 2013-14,2014-15 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 5 |
| 2015-2016 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 7 |
| 2016-2017 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/779/2019/28-05-2019 | 23 |
| 2017-18 | കെ.എസ്.എ/കെ.എൻ.ആർ/ സി.8/898/2019/21-08-2019 | 10 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ./കെ.എൻ.ആർ./സി.8/227/2020


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail doknr.ksad@kerala.gov.in

Phone:04972707698


തീയ്യതി: 10.08.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന്

ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Thripangottoor Grama Panchayat RECEIPT & PAYMENT STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 19798143.00 |
| Cash | Cash | RP-40(a) | 48424.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 906250.00 |
| 140000000 | Fees & User Charges | RP-4 | 500180.00 |
| 150000000 | Sale & Hire Charges | RP-5 | 246417.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 40712629.00 |
| 171000000 | Interest Earned | RP-9 | 438288.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7047696.00 |
| 350000000 | Other Liabilities | RP-36 | 371353.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 28532.00 |
| 311000000 | Earmarked Funds | RP-29 | 61801.00 |
| | | | |

| | | | |
|---|---|---|---|
| 330000000 | Secured Loans | RP-32 | 7881307.00 |
| 340000000 | Deposits Received | RP-34 | 121883.00 |
| 350000000 | Other Liabilities | RP-36 | 357383.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4984216.00 |
| 460000000 | Loans, Advances and Deposits | RP-47 | 21000.00 |
| | Grand total | | 83525502.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2476641.00 |
| 220000000 | Administrative Expenses | RP-12 | 715115.00 |
| 230000000 | Operations & Maintenance | RP-13 | 1454902.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 3269353.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 23951552.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 955279.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 339950.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 262920.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 4856814.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1762214.00 |
| 350000000 | Other Liabilities | RP-36 | 5170761.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 19570.00 |
| 311000000 | Earmarked Funds | RP-29 | 32500.00 |
| 340000000 | Deposits Received | RP-34 | 193150.00 |
| 350000000 | Other Liabilities | RP-36 | 2602563.00 |
| 410000000 | Fixed Assets | RP-38 | 8105201.00 |
| 412000000 | Capital work in Progress | RP-40 | 311712.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 900319.00 |
| | Closing Balance | | |
| | | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 26125698.00 |
| Cash | Cash | RP-40(b) | 19288.00 |
| | Grand Total | | 83525502.00 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ്

| Thripangottoor Grama Panchayat INCOME & EXPENDITURE STATEMENT<br>For the period from 01-April-2018 to 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 5558418.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 378000.00 |
| 140000000 | Fee & User Charges | I-4(b) | 729080.00 |
| 150000000 | Sale & Hire Charges | I-5(b) | 247717.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 96744149.00 |
| 170000000 | Income from Investments | I-7 | 123778.00 |
| 171000000 | Interest Earned | I-8 | 438288.00 |
| 180000000 | Other Income | I-9 | 28532.00 |
| | Total Income | | 104247962.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9145210.00 |
| 220000000 | Administrative Expenses | I-11(b) | 715115.00 |
| 230000000 | Operations & Maintenance | I-12(b) | 1646070.00 |
| 240000000 | Interest & Finance Charges | I-13 | 19570.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 4441353.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 42677056.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1155279.00 |
| 253000000 | Decentralised Plan Programme-Projects not | I-14(c) | 339950.00 |

| | | | |
|---|---|---|---|
| | included in Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 32564620.00 |
| 255000000 | Maintenance Projects | I-14(e) | 4856814.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 31320.00 |
| 272000000 | Depreciation | I-17(a) | 7490486.00 |
| | Total Expenditure | | 105082843.00 |
| | Gross Surplus/ Deficit of income over Expenditure | | -834881.00 |
| 280000000 | Prior Period Item | I-18 | 50315.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -885196.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ്

| Thripangottoor Grama Panchayat BALANCE SHEET<br>As on 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 5625277.70 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 158505.00 |
| 312000000 | Reserves | B-3 | 40243436.00 |
| | Total Reserve & Surplus | | 46027218.70 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 4293700.00 |
| | Total Grants, Contributions for Specific Purposes | | 4293700.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 7881307.00 |
| | Total Loans | | 7881307.00 |
| | Current Liabilities & Provisions | | |
| | | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 1417123.00 |
| 350000000 | Other Liabilities | B-9 | 933320.30 |
| | Total Current Liabilities and Provisions | | 2350443.30 |
| | TOTAL LIABILITIES | | 60552669.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 65076183.00 |
| 411000000 | Accumulated Depreciation | B-11 | -34828632.00 |
| 412000000 | Capital Work in Progress | B-11(a) | 1140381.00 |
| | Total Fixed Assets | | 31387932.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 1611824.00 |
| | Total Investments | | 1611824.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 26144986.00 |
| | | | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ